# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ശ്രീനാരായണപുരം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA TSR -P14-518/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 30/03/2021
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ശ്രീനാരായണപുരം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ശ്രീനാരായണപുരം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ശ്രീനാരായണപുരം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA TSR -P14-518/21 തീയ്യതി: 30/03/2021

## തൃശ്ശൂർ ജില്ലയിലെ ശ്രീനാരായണപുരം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ ശ്രീനാരായണപുരം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-01-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി മേരി ഹണി ജോസഫ് | ഡെപ്യൂട്ടി ഡയറക്ടർ | 22-02-2021 | 05-03-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 22-02-2021 | 05-03-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.ബിത ടി.എസ്,ഓഡിറ്റ് ഓഫീസർ
ശ്രീ.നിർമൽ കെ.ജി,ഓഡിറ്റ് ഓഫീസർ
ശ്രീമതി.വിദ്യ ഒ.കെ,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.നിജു.സി.എസ്,ഓഡിറ്റർ
ശ്രീ.രഞ്ജിത്ത് പി.ആർ ,ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഇ.കെ മല്ലിക | പ്രസിഡന്റ് | 01-04-2019 | 16-11-2019 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 17-11-2019 | 11-12-2019 |
| സൗദ നാസർ | പ്രസിഡന്റ് | 12-12-2019 | 31-03-2020 |
| കെ.എസ്.രാംദാസ് | സെക്രട്ടറി | 01-04-2019 | 31-03-2020 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| കെ.എസ്.രാംദാസ് | സെക്രട്ടറി | 01-04-2019 | 31-03-2020 |
| എ.രതി | അസി.സെക്രട്ടറി | 01-04-2019 | 31-03-2020 |
| പി.പി ദിവ | കൃഷി ഓഫീസർ | 01-04-2019 | 01-03-2020 |
| സുശീൽകുമാർ | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| അനുബേബി | അസി.എഞ്ചിനീയർ | 01-04-2019 | 17-07-2019 |
| ആർ.ടി ദേവിശ്രീ | അസി.എഞ്ചിനീയർ | 18-07-2019 | 18-08-2019 |
| ആര്യ.കെ.വേണു | അസി.എഞ്ചിനീയർ | 19-08-2019 | 31-03-2020 |
| കെ.എം മുംതാസ് | മെഡിക്കൽ ഓഫീസർ(പി. എച്ച് .സി.) | 01-04-2019 | 31-03-2020 |
| പി.ജി.ഗീതാദേവി | മെഡിക്കൽ ഓഫീസർ (ആയുർവേദം) ശാന്തിപുരം | 01-04-2019 | 31-03-2020 |
| മുഹാസ് കെ.കരീം | മെഡിക്കൽ ഓഫീസർ (ആയുർവേദം) പനങ്ങാട് | 01-04-2019 | 31-03-2020 |
| രജിത | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2019 | 31-03-2020 |
| ശുഭ നാരായണൻ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2019 | 11-12-2019 |
| കെ.ബി.ശ്രീലത | ഐ.സി.ഡി.എസ്. | 12-12-2019 | 31-03-2020 |

| | | | |
|---|---|---|---|
| | സൂപ്പർവൈസർ | | |
| കെ.ജെ.ഓമന | ഹെഡ് മിസ്ട്രസ്സ് | 01-04-2019 | 31-03-2020 |
| പി.ആർ.ഗീത | വി.ഇ.ഒ (പനങ്ങാട് സർക്കിൾ) | 01-04-2019 | 31-03-2020 |
| ടി .എച്ച്. ഹസീന | വി.ഇ.ഒ (ആല സർക്കിൾ) | 01-04-2019 | 31-03-2020 |
| പി .എൻ രാജീവ് | വി.ഇ.ഒ (പി.വെമ്പല്ലൂർ സർക്കിൾ) | 01-04-2019 | 31-03-2020 |
| പ്രശാന്ത് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |
| പി. എം അൻസിൽ | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2019 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Niju.C.S (Auditor, On 08-03-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 25-03-2021) | 1-1 |
| 2 | കേരള പഞ്ചായത്ത് രാജ് നിയമം 214 വകുപ്പിൽ അനുശാസിക്കുന്ന രീതിയിൽ അപാകതകളില്ലാതെ ബജറ്റ് തയ്യാറാക്കേണ്ടതാണ്<br>Written By: Niju.C.S (Auditor, On 06-03-2021)<br>Last Updated By: P.V.Baby (Audit Officer, On 24-03-2021) | 1-1-1 |
| 3 | വാർഷിക ധനകാര്യ പത്രിക<br>Written By: Niju.C.S (Auditor, On 07-03-2021)<br>Last Updated By: P.V.Baby (Audit Officer, On 24-03-2021) | 1-2 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Bita.T.S (Audit Officer (HG), On 07-03-2021)<br>Last Updated By: P.V.Baby (Audit Officer, On 24-03-2021) | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം<br>Written By: Niju.C.S (Auditor, On 06-03-2021)<br>Last Updated By: P.V.Baby (Audit Officer, On 24-03-2021) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Nirmal K G (Audit Officer, On 07-03-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 07-03-2021) | 1-5 |
| 7 | തൊഴിലുറപ്പുപദ്ധതി<br>Written By: Bita.T.S (Audit Officer (HG), On 07-03-2021)<br>Last Updated By: P.V.Baby (Audit Officer, On 24-03-2021) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: Vidhya O.K (Senior Grade Auditor, On 07-03-2021)<br>Last Updated By: P.V.Baby (Audit Officer, On 24-03-2021) | 1-7 |
| 9 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Niju.C.S (Auditor, On 07-03-2021)<br>Last Updated By: P.V.Baby (Audit Officer, On 24-03-2021) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: Niju.C.S (Auditor, On 10-03-2021)<br>Last Updated By: Niju.C.S (Auditor, On 10-03-2021) | 1-9 |
| 11 | വരുമാനം കൈകാര്യം ചെയ്യുന്നതിലെ പോരായ്മകൾ<br>Written By: Niju.C.S (Auditor, On 06-03-2021)<br>Last Updated By: Niju.C.S (Auditor, On 10-03-2021) | 1-9-1 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Bita.T.S (Audit Officer (HG), On 07-03-2021)<br>Last Updated By: P.V.Baby (Audit Officer, On 24-03-2021) | 1-10 |
| 13 | വാർഷികകണക്കുകളിലെ അപാകതകൾ<br>Written By: Niju.C.S (Auditor, On 07-03-2021)<br>Last Updated By: P.V.Baby (Audit Officer, On 24-03-2021) | 1-11 |
| 14 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ്- അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പാലിക്കുന്നില്ല<br>Written By: Niju.C.S (Auditor, On 24-02-2021)<br>Last Updated By: P.V.Baby (Audit Officer, On 24-03-2021) | 1-11-1 |
| 15 | ഡിമാന്റ് എൻട്രികൾ സമയബന്ധിതമായി നടത്തുന്നില്ല,സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കേണ്ടതാണ്<br>Written By: Niju.C.S (Auditor, On 25-02-2021)<br>Last Updated By: P.V.Baby (Audit Officer, On 24-03-2021) | 1-11-2 |

| | | |
|---|---|---|
| 16 | വസ്തുനികുതി-ലൈബ്രറി സെസ്സ് സഞ്ചയ ഡിസിബി-അംഗീകരിക്കുന്നില്ല<br>Written By: Niju.C.S (Auditor, On 25-02-2021)<br>Last Updated By: Niju.C.S (Auditor, On 08-03-2021) | 1-11-3 |
| 17 | സാംഖ്യ-സഞ്ചയ -വസ്തു നികുതി-ലൈബ്രറി സെസ്സ് ബാലൻസ് കണക്കാക്കുന്നതിൽ വ്യത്യാസം<br>Written By: Niju.C.S (Auditor, On 25-02-2021)<br>Last Updated By: P.V.Baby (Audit Officer, On 24-03-2021) | 1-11-4 |
| 18 | Prior Period Items" എന്ന നോമിനൽ അക്കൗണ്ട് പ്രകാരം അഡ്വാൻസ് തുക സാങ്കല്പികമായി ജേണൽ വൗച്ചർ മുഖേന വർദ്ധിപ്പിച്ചതായും കുറവ് ചെയ്തതായും കാണുന്നു.വൗച്ചറുകളോ മറ്റ് രേഖകളോ പരിശോധനക്കു ലഭ്യമാക്കിയിട്ടില്ല<br>Written By: Niju.C.S (Auditor, On 25-02-2021)<br>Last Updated By: Niju.C.S (Auditor, On 08-03-2021) | 1-11-5 |
| 19 | റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് അപാകതകൾ<br>Written By: Ranjith P.R (Auditor, On 07-03-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 09-03-2021) | 1-12 |
| 20 | ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു<br>Written By: Niju.C.S (Auditor, On 06-03-2021)<br>Last Updated By: Niju.C.S (Auditor, On 08-03-2021) | 1-13 |
| 21 | വാടകയിനത്തിലെ കുടിശ്ശിക പിരിച്ചെടുക്കാതെ കാലഹരണപ്പെടുന്നതിനാൽ 2,89,078 രൂപ വരുമാന നഷ്ടം<br>Written By: Niju.C.S (Auditor, On 06-03-2021)<br>Last Updated By: Niju.C.S (Auditor, On 06-03-2021) | 1-14 |
| 22 | രജിസ്റ്ററുകളുടെ പരിപാലനം-അപാകതകൾ<br>Written By: Niju.C.S (Auditor, On 06-03-2021)<br>Last Updated By: Niju.C.S (Auditor, On 08-03-2021) | 1-15 |
| 23 | ഗ്രാമപഞ്ചായത്ത് വാടകയ്ക്ക് നൽകിയിരിക്കുന്ന കടമുറികളുടെ FACTEOS ലൈസൻസ് ഉറപ്പാക്കിയില്ല.<br>Written By: Niju.C.S (Auditor, On 06-03-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 09-03-2021) | 1-16 |
| 24 | തൊഴിൽ നികുതി ഈടാക്കിയില്ല<br>Written By: Ranjith P.R (Auditor, On 07-03-2021)<br>Last Updated By: P.V.Baby (Audit Officer, On 24-03-2021) | 1-17 |
| 25 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല<br>Written By: Ranjith P.R (Auditor, On 07-03-2021)<br>Last Updated By: P.V.Baby (Audit Officer, On 24-03-2021) | 1-17-1 |
| 26 | രസീതു പരിശോധനയിലെ അപാകതകൾ<br>Written By: Ranjith P.R (Auditor, On 07-03-2021)<br>Last Updated By: P.V.Baby (Audit Officer, On 24-03-2021) | 1-18 |
| 27 | ഉപകരണങ്ങൾ വാങ്ങിയതിന്റെ വിവരം സ്റ്റോക്കിൽ ചേർത്തിട്ടില്ല.<br>Written By: Vidhya O.K (Senior Grade Auditor, On 07-03-2021)<br>Last Updated By: P.V.Baby (Audit Officer, On 24-03-2021) | 1-19 |
| 28 | വൃദ്ധർക്ക് കട്ടിൽ വിതരണം - സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.<br>Written By: Vidhya O.K (Senior Grade Auditor, On 07-03-2021)<br>Last Updated By: P.V.Baby (Audit Officer, On 24-03-2021) | 1-20 |
| 29 | ഇ.എം.ഡി ഇനത്തിൽ ലഭിച്ച ഡിമാന്റ് ഡ്രാഫ്റ്റുകൾ ഫയലിൽ സൂക്ഷിക്കുന്നു. | 1-21 |

| | | |
|---|---|---|
| | Written By: Vidhya O.K (Senior Grade Auditor, On 07-03-2021)<br>Last Updated By: P.V.Baby (Audit Officer, On 24-03-2021) | |
| 30 | എല്ലാ അങ്കണവാടികൾക്കും കെട്ടിടങ്ങളും മറ്റ് ഭൗതികസാഹചര്യങ്ങളും ഉറപ്പു വരുത്തേണ്ടതാണ്.<br>Written By: Vidhya O.K (Senior Grade Auditor, On 07-03-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 09-03-2021) | 1-22 |
| 31 | പെയിൻ & പാലിയേറ്റീവ് - മരുന്ന് ലഭ്യമാക്കുന്നതിൽ കാലതാമസം<br>Written By: Nirmal K G (Audit Officer, On 09-03-2021)<br>Last Updated By: P.V.Baby (Audit Officer, On 24-03-2021) | 1-23 |
| 32 | വെറ്റിനറി സർജൻ നടപ്പിലാക്കിയ താഴെ പറയുന്ന പദ്ധതികളുടെ ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല. 18,30,000/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.<br>Written By: Nirmal K G (Audit Officer, On 09-03-2021)<br>Last Updated By: P.V.Baby (Audit Officer, On 24-03-2021) | 1-24 |
| 33 | ചെലവ് രേഖകൾ ലഭ്യമാക്കിയിട്ടില്ല. 2,50,000/- രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.<br>Written By: Nirmal K G (Audit Officer, On 09-03-2021)<br>Last Updated By: P.V.Baby (Audit Officer, On 24-03-2021) | 1-25 |
| 34 | കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലേയ്ക്കും പഞ്ചായത്ത് ഓഫീസിലേയ്ക്കും കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ - രേഖകൾ ലഭ്യമല്ല. 44178/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.<br>Written By: Nirmal K G (Audit Officer, On 09-03-2021)<br>Last Updated By: P.V.Baby (Audit Officer, On 24-03-2021) | 1-26 |
| 35 | സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്ടുകളിൽ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.<br>Written By: Nirmal K G (Audit Officer, On 06-03-2021)<br>Last Updated By: Sunil.P.B (Asst. Audit Officer, On 30-03-2021) | 1-27 |
| 36 | കന്നുകുട്ടിപരിപാലന പദ്ധതി<br>Written By: Nirmal K G (Audit Officer, On 07-03-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 09-03-2021) | 1-28 |
| 37 | സർക്കാർ നിർദ്ദേശങ്ങൾ പാലിച്ച് ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്<br>Written By: Bita.T.S (Audit Officer (HG), On 09-03-2021)<br>Last Updated By: Vidhya O.K (Senior Grade Auditor, On 25-03-2021) | 1-29 |
| 38 | അസിസ്റ്റന്റ് എഞ്ചിനീയറുടെ പ്രൊജക്ടുകൾ - പൊതു അപാകതകൾ<br>Written By: Bita.T.S (Audit Officer (HG), On 09-03-2021)<br>Last Updated By: Vidhya O.K (Senior Grade Auditor, On 25-03-2021) | 1-30 |
| 39 | മരാമത്ത് പ്രൊജക്ടുകളുടെ നിർവ്വഹണം.<br>Written By: Bita.T.S (Audit Officer (HG), On 09-03-2021)<br>Last Updated By: Vidhya O.K (Senior Grade Auditor, On 25-03-2021) | 1-31 |
| 40 | പ്രൊജക്ട് നം. 165/19:പോഴംകാവ് കുളം സൈഡ് കെട്ടി സംരക്ഷിക്കൽ W3-അപാകതകൾ<br>Written By: Bita.T.S (Audit Officer (HG), On 09-03-2021)<br>Last Updated By: Vidhya O.K (Senior Grade Auditor, On 25-03-2021) | 1-31-1 |
| 41 | പ്രൊജക്ട് നം. 151/19 105,109,121 എന്നീ അംഗൻവാടികൾ അറ്റകുറ്റപ്പണികൾ- പദ്ധതി അപാകതകൾ<br>Written By: Bita.T.S (Audit Officer (HG), On 09-03-2021)<br>Last Updated By: Vidhya O.K (Senior Grade Auditor, On 25-03-2021) | 1-31-2 |

| | | |
|---|---|---|
| 42 | എസ്.എൻ പുരം മാർക്കറ്റിലെ നിർമ്മാണ പ്രവൃത്തികൾ -സമയബന്ധിതമായി പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാക്കേണ്ടതാണ്.<br>Written By: Bita.T.S (Audit Officer (HG), On 09-03-2021)<br>Last Updated By: Vidhya O.K (Senior Grade Auditor, On 25-03-2021) | 1-32 |
| 43 | കുടിലിങ്ങൽ ബസാർ താന്ന്യം ബസാർ റോഡ് റീടാറിംഗ് 06/12/2018 ൽ എഗ്രിമെന്റ് വെച്ച പ്രവൃത്തി നാളിതുവരെ ആരംഭിച്ചിട്ടില്ല.<br>Written By: Bita.T.S (Audit Officer (HG), On 10-03-2021)<br>Last Updated By: Vidhya O.K (Senior Grade Auditor, On 25-03-2021) | 1-33 |
| 44 | ലൈഫ് മിഷൻ പദ്ധതികൾ - മാതൃകാപരമായ നിർവ്വഹണം.<br>Written By: Bita.T.S (Audit Officer (HG), On 10-03-2021)<br>Last Updated By: Vidhya O.K (Senior Grade Auditor, On 25-03-2021) | 1-34 |
| 45 | ഹരിതകർമ്മസേന-പ്ലാസ്റ്റിക് മാലിന്യസംഭരണം<br>Written By: Bita.T.S (Audit Officer (HG), On 10-03-2021)<br>Last Updated By: Vidhya O.K (Senior Grade Auditor, On 25-03-2021) | 1-35 |
| 46 | ദുരന്ത നിവാരണ പദ്ധതി<br>Written By: Bita.T.S (Audit Officer (HG), On 10-03-2021)<br>Last Updated By: Vidhya O.K (Senior Grade Auditor, On 25-03-2021) | 1-36 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Bita.T.S (Audit Officer (HG), On 04-03-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 09-03-2021) | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Bita.T.S (Audit Officer (HG), On 04-03-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 09-03-2021) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Bita.T.S (Audit Officer (HG), On 04-03-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 25-03-2021) | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Bita.T.S (Audit Officer (HG), On 04-03-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 25-03-2021) | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Bita.T.S (Audit Officer (HG), On 04-03-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 09-03-2021) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Vidhya O.K (Senior Grade Auditor, On 06-03-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 09-03-2021) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Vidhya O.K (Senior Grade Auditor, On 06-03-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 25-03-2021) | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Vidhya O.K (Senior Grade Auditor, On 06-03-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 09-03-2021) | 4-8 |
| 9 | | 4-9 |

| | | |
|---|---|---|
| | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Vidhya O.K (Senior Grade Auditor, On 06-03-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 25-03-2021) | |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Vidhya O.K (Senior Grade Auditor, On 06-03-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 09-03-2021) | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്

പഞ്ചായത്ത് ജനറൽ കമ്മറ്റി 26/2/2019 തീയതിയിലെ 1 ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 19-03-2020 തീയതിയിലെ 3(4) ാം തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്. റിവൈസ്ഡ് ബജറ്റ് പ്രകാരമുള്ള മുന്നിരിപ്പ് 2,81,08,600 രൂപയും വരവ് 25,96,06,068 രൂപയും ചെലവ് 26,85,47,255 രൂപയും നീക്കിയിരിപ്പ് 1,91,67,413 രൂപയുമാണ്

### 1-1-1 കേരള പഞ്ചായത്ത് രാജ് നിയമം 214 വകുപ്പിൽ അനുശാസിക്കുന്ന രീതിയിൽ അപാകതകളില്ലാതെ ബജറ്റ് തയ്യാറാക്കേണ്ടതാണ്

2018-19 ലെ റിവൈസ്ഡ് ബജറ്റ് പ്രകാരമുള്ള നീക്കിയിരിപ്പും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി യിൽ 21.2.2019 /1(19) തീരുമാന പ്രകരം അംഗീകരിച്ച 2019-20 കരട് ബജറ്റ് മുന്നിരിപ്പും പൊരുത്തപ്പെടുന്നില്ല. 2018-19 ലെ റിവൈസ്ഡ് ബജറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ് 4150443 രൂപയും 2019-20 കരട് ബജറ്റ് മുന്നിരിപ്പ് 2,75,68,600 രൂപയും ആയാണ് കാണിച്ചിരിക്കുന്നത്

2019-20 ലെ റിവൈസ്ഡ് ബജറ്റ് മുന്നിരിപ്പ് 2,81,08,600 രൂപയാണ്. 2.3.20ലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി തീരുമാനം 1 പ്രകാരം അംഗീകരിച്ച റിവൈസ്ഡ് ബജറ്റ് പ്രകാരമുള്ള വരവ് 25,96,06,068 രൂപയും യഥാർത്ഥ വരവ് 10,01,95,450രൂപയും ബജറ്റ് പ്രകാരമുള്ള ചെലവ് 26,85,47,255 രൂപയും യഥാർത്ഥ ചെലവ് 9,73,75,918 രൂപയും ആണ്.
ബജറ്റ് വരവ് 15,94,10,618 രൂപയും ചെലവ് 17,11,71,337 രൂപയും അധികരിച്ചിരിക്കുന്നു.ഇരട്ടിയിലധികം വർദ്ധനവ് വന്നിട്ടുണ്ട്.

കേരള പഞ്ചായത്ത് രാജ് നിയമം 214 വകുപ്പിൽ അനുശാസിക്കുന്ന രീതിയിൽ അപാകതകളില്ലാതെ ബജറ്റ് തയ്യാറാക്കുന്നതിനും, ബജറ്റ് യഥാർത്ഥ വരവ് ചെലവുകൾക്കനുസരിച്ച് പുതുക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ബജറ്റ് തയ്യാറാക്കുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നേതൃത്വപരമായ പങ്ക് വഹിക്കണം.
ബജറ്റിൽ വിഭാവനം ചെയ്ത വരവിലോ ബജറ്റിൽ എസ്റ്റിമേറ്റിൽ കൂടുതൽ ഏതിനത്തിലെങ്കിലും ചെലവഴിച്ചാലോ വ്യതിയാനം വ്യക്തമാക്കി പുതുക്കിയ ബജറ്റ് അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതുമാണ്.

ഡിസംബർ അവസാന വാരം ഉദ്യോഗസ്ഥരുടെ പക്കൽ നിന്നും (ഘടക സ്ഥാപനങ്ങളിലെ ഓഫീസ് തലവന്മാരിൽ നിന്നും) തന്നാണ്ട വർഷത്തെ റിവൈസ്ഡ് ബജറ്റിനുള്ള പ്രൊപ്പോസലുകൾ സെക്രട്ടറി ആവശ്യപ്പെടേണ്ടതാണ്. എന്നാൽ, പഞ്ചായത്ത് 2019-20 പുതുക്കിയ ബജറ്റ് തയ്യാറാക്കിയെങ്കിലും റിവൈസ്ഡ് പ്രൊപ്പോസലുകൾ സ്വീകരിച്ചിട്ടില്ല.

2019-20ലെ ബജറ്റ് എസ്റ്റിമേറ്റും വാർഷിക കണക്കുകളും തമ്മിൽ പൊരുത്തക്കേടുകളുണ്ട്. പ്രധാന വരവ് ചെലവ് വിഭാഗങ്ങളിലെയും അവയിൽ വരുന്ന പ്രധാന ഉപ ഇനങ്ങളുടെയും ബജറ്റ് പ്രകാരവും വാർഷിക കണക്കുകൾ പ്രകാരവുമുള്ള കണക്കുകൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം | | ഇനം | ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് | വാർഷിക കണക്കുകൾ പ്രകാരമുള്ള വരവ് | വ്യത്യാസം |
|---|---|---|---|---|---|
| 1 | | നികുതി വരവുകൾ | | | |
| | എ | വസ്തുനികുതി | 7500000 | 6353985 | 1146015 |
| | ബി | തൊഴിൽ നികുതി | 1900000 | 1765510 | 134490 |
| 2 | | നികുതിയേതര വരവുകൾ | | | |
| | എ | വാടക കെട്ടിടങ്ങൾ | 1460000 | 1055986 | 404014 |
| | ബി | ലൈസൻസ് | 250000 | 150000 | 100000 |
| | സി | പെർമിറ്റ് ഫീ | 200000 | 146548 | 53452 |
| | ഡി | സെയിൽ ഓഫ് പ്രൊഡക്റ്റ് & സ്ക്രാപ്പ് | 300000 | 301710 | 1710 |
| 3 | | മറ്റ് വരവുകൾ നിക്ഷേപ പലിശ | 2500000 | 1912767 | 587233 |
| 4 | | എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ | 11032000 | 4103544 | 6928456 |
| 5 | | ഭരണ ചെലവുകൾ | 2331000 | 1429928 | 901072 |
| 6 | | ഓപ്പറേഷൻസ് & മെയിന്റനൻസ് | 6285000 | 4789999 | 1495001 |
| 7 | | ടോട്ടൽ ഇന്ററസ്റ്റ് & ഫിനാൻഷ്യൽ | 1857500 | 294280 | 1563220 |

| | | | | |
|---|---|---|---|---|
| എക്സ്പെൻസ് | | | | |

പഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ബജറ്റ്, വാർഷിക കണക്കുകൾ എന്നിവ താരതമ്യം ചെയ്തും നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും വിവിധ സെക്ഷനുകളിൽ നിന്നും വിവരങ്ങൾ ശേഖരിച്ചും വേണം ബജറ്റ് തയ്യാറാക്കേണ്ടത്. യഥാർത്ഥ കണക്കുകളുമായി ഗണ്യമായ വ്യത്യാസം കാണിക്കുന്ന ബജറ്റ് തയ്യാറാക്കുന്നത് പഞ്ചായത്തിന്റെ ധനകാര്യ മാനേജ്മെന്റിനെ പ്രതികൂലമായി ബാധിക്കും. യഥാർത്ഥ വിവരങ്ങൾ വിശകലനം ചെയ്ത് ബജറ്റ് തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2020 | 12-06 -2020 |

## 1-3 സാമ്പത്തിക വിശകലനം

(സംക്ഷിപ്ത വിവരം)

| | തുക (രൂപ) |
|---|---|
| മുന്നിരിപ്പ് | 2,07,50,110 |
| ഓഡിറ്റ് വർഷത്തെ വരവ് | 10,01,95,450 |
| ആകെ | 12,09,45,560 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 9,73,75,918 |
| നീക്കിയിരിപ്പ് | 2,35,69,642 |
| വരവിനങ്ങളിലെ നഷ്ടം | ഇല്ല |
| ചെലവിനങ്ങളുടെ നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 21,24,178 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 21842776 | 21842776 | *16665776 | 5177000 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 13089353 | 13089353 | **9724301 | 3365052 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 12968000 | 12968000 | 3903890 | 9064410 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 6901000 | 6901000 | 4495059 | 2405941 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 15186744 | 15186744 | ***6010849 | 9175895 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | സ്റ്റേറ്റ് | 0 | 0 | 0 | 0 | 0 |
| | സെൻട്രൽ | 0 | 0 | 0 | 0 | 0 |
| MLA Fund | | 0 | 699267 | 699267 | 699267 | 0 |
| വിമുക്തി | | 33915 | 0 | 33915 | 29945 | 3970 |
| Bio Diversity | | 106400 | 0 | 106400 | 0 | 106400 |
| Anganwady Water Connection | | 10000 | 0 | 10000 | 10000 | 0 |
| LIFE-State Share | | 0 | 12910000 | 12910000 | 12310000 | 600000 |
| MGNREGA അവാർഡ് | | 0 | 102000 | 102000 | 102000 | 0 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി+Material Cost | 0 | 29609731 | 29609731 | 29609731 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 33,546 | 10,37,961 | 10,71,507 | **** 10,67,777 | **** 3730 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | ICDS | 1023529 | 1120914 | 2144443 | 1475724 | 668719 |
| | ബേട്ടി ബചാവോ | 0 | 0 | 0 | 0 | 0 |

| | | | | | | |
|---|---|---|---|---|---|---|
| | ബേട്ടി പഠാവോ | | | | | |
| | TSC(Biogas Plant) | 69000 | 0 | 69000 | 0 | 69000 |
| | മഴക്കാല പൂർവ്വം | 47187 | 0 | 47187 | 0 | 47187 |
| | ശുചിത്വ പഞ്ചായത്ത് | 0 | 0 | 0 | 0 | 0 |
| | ശുചിത്വമിഷൻ ഇൻസന്റീവ് | 547910 | 0 | 547910 | 150000 | 397910 |
| | സ്വച്ഛ് ഭാരത് | 1100000 | 12500 | 1100000 | 0 | 1112500 |
| | RSBY Renewal Programme | 0 | 11314 | 11314 | 0 | 11314 |
| ***** ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 1594948 | 4465664+ (1342500) | 7403112 | 6070134 (4727634+ (1342500)) | 1143030(+189948 Rop) |
| | ജില്ലാ പഞ്ചായത്ത് | 111063 | 700000+ (3570760) | 4381823 | 4050524 (479764+ (3570760)) | 303477 (+27822 Rop) |

* 1,66,65,776 രൂപ കൂടാതെ സോഴ്സിൽ നിന്നും പിടിച്ച Hudco Life Mission വായ്പ,വായ്പ മുതൽ തിരിച്ചടവ് എന്നിവ പ്രകാരമുള്ള 2058824രൂപയും കൂട്ടി (പ്രൊജക്റ്റ് നം 244/19,246/19) ആകെ 1,87,24,600രൂപയാണ് ഗ്രാൻറ് സ്റ്റേറ്റ്മെന്റിലും ധനകാര്യപത്രികയിലും(I-6) ചെലവായി കാണിച്ചിട്ടുള്ളത്

** 9724301 രൂപ കൂടാതെ സോഴ്സിൽ നിന്നും പിടിച്ച Hudco Life Mission വായ്പ,വായ്പ മുതൽ തിരിച്ചടവ് എന്നിവ പ്രകാരമുള്ള 367647രൂപയും കൂട്ടി (പ്രൊജക്റ്റ് നം 245/19,247/19) ആകെ 10091948 രൂപയാണ് ഗ്രാൻറ് സ്റ്റേറ്റ്മെന്റിലും ധനകാര്യപത്രികയിലും (I-6)ചെലവായി കാണിച്ചിട്ടുള്ളത്

***6010849 രൂപ കൂടാതെ 3092432 രൂപ കൂടി ധനകാര്യപത്രികയിൽ (Capital Contribution I-6) ചെലവായി ഉൾപ്പെടുത്തിയിട്ടുണ്ട്.

***** ധനകാര്യ പത്രികയിൽ RP 31 ൽ ഉൾപ്പെടുത്താതെ നേരിട്ട് ചെലവഴിച്ചത് ബ്ളോക്ക് ഷെയർ 1342500 രൂപ,ജില്ല ഷെയർ 3570760 രൂപ

## 1-5 പദ്ധതി അവലോകനം

ഗ്രാമ പഞ്ചായത്തിലെ ഓഡിറ്റ് വർഷത്തെ പദ്ധതി അവലോകനം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 228 | 13,80,17,620 | 77 | 7,58,13,360 | 145 | 6 | 33.77 |

## 1-6 തൊഴിലുറപ്പുപദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 33,546 | 10,37,961 | 10,71,507 | 10,67.777 | 3,730 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 28686256 | 28686256 | 28686256 | |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 21,840 | 17 |
| കർഷകതൊഴിലാളി പെൻഷൻ | 17,19,600 | 318 |
| വിധവാപെൻഷൻ | 1,04,65,800 | 2003 |
| വാർദ്ധക്യകാലപെൻഷൻ | 1,57,38,000 | 3313 |

| | | |
|---|---|---|
| വികലാംഗപെൻഷൻ | 26,98,900 | 498 |
| അവിവാഹിത പെൻഷൻ | 5,94,000 | 115 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | | |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4) ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.02.2021 3.43 PM ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 83107 രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

പതിമൂന്നാം പഞ്ചവത്സരപദ്ധതി മാർഗ്ഗരേഖയായ ജി.ഒ.(എം.എസ്) 72/2017/തസ്വഭവ,തിയതി 29.3.2017 ലെ ഖണ്ഡിക 14.6 പ്രകാരം പ്രൊജക്ട് മോണിട്ടറിംഗ് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതാണ്. അതിനായി പദ്ധതി രൂപീകരണത്തിനു ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതാണ്. മോണിട്ടറിംഗ് കമ്മിറ്റികൾ യോഗം ചേർന്ന് മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്. മാത്രമല്ല പ്രൊജക്ട് നിർവ്വഹണം പൂർത്തിയാകുമ്പോൾ നിർവ്വഹണഉദ്യോഗസ്ഥൻ പ്രൊജക്ടിന്റെ ഭൗതികലക്ഷ്യങ്ങളും കൈവരിച്ച നേട്ടങ്ങളും രേഖപ്പെടുത്തിയ ഒരു പൂർത്തീകരണപത്രം തയ്യാറാക്കേണ്ടതുമാണ്. എന്നാൽ ഒരു പ്രൊജക്ടിലും മോണിട്ടറിംഗ് നടത്തുകയോ പൂർത്തീകരണപത്രം തയ്യാറാക്കുകയോ ചെയ്തിട്ടില്ല.

## 1-9-1 വരുമാനം കൈകാര്യം ചെയ്യുന്നതിലെ പോരായ്മകൾ

പഞ്ചായത്ത് വരുമാനം കൈകാര്യം ചെയ്യുന്നതുമായി ബന്ധപ്പെട്ട റിസ്ക് മാനേജ്മെന്റിലെ പോരായ്മകൾ പ്രധാന ഓഡിറ്റ് നിരീക്ഷണങ്ങളായി താഴെ ചേർക്കുന്നു

- ബജറ്റ് അശ്രദ്ധമായി കൈകാര്യം ചെയ്യുന്നു(ഖണ്ഡിക നം 1-1-1)
- റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് അപാകതകൾ (ഖണ്ഡിക നം 1-12)
- രസീതു പരിശോധനയിലെ അപാകതകൾ(ഖണ്ഡിക നം 1- 18)
- രജിസ്റ്ററുകളുടെ പരിപാലനം കൃത്യമായി മോണിറ്റർ ചെയ്യുന്നില്ല(ഖണ്ഡിക നം 1-15 )
- തൊഴിൽ നികുതി ഈടാക്കിയില്ല (ഖണ്ഡിക നം 1- 17)
- ഡിമാന്റ് എൻട്രികൾ സമയബന്ധിതമായി നടത്തുന്നില്ല,സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കേണ്ടതാണ്(ഖണ്ഡിക നം 1-11-2 )
- വസ്തുനികുതി-ലൈബ്രറി സെസ്സ് സഞ്ചയ ഡിസിബി-അംഗീകരിക്കുന്നില്ല (ഖണ്ഡിക നം 1-11-3 )
- Prior Period Items" എന്ന നോമിനൽ അക്കൗണ്ട് പ്രകാരം അഡ്വാൻസ് തുക സാങ്കല്പികമായി ജേണൽ വൗച്ചർ മുഖേന വർദ്ധിപ്പിച്ചതായും കുറവ് ചെയ്തതായും കാണുന്നു.വൗച്ചറുകളോ മറ്റ് രേഖകളോ പരിശോധനക്കു ലഭ്യമാക്കിയിട്ടില്ല(ഖണ്ഡിക നം 1-11-5 )
- വാടകയിനത്തിലെ കുടിശ്ശിക പിരിച്ചെടുക്കാതെ കാലഹരണപ്പെടുന്നതിനാൽ വൻ വരുമാന നഷ്ടം(ഖണ്ഡിക നം 1-14)
- ഗ്രാമപഞ്ചായത്ത് വാടകയ്ക്ക് നൽകിയിരിക്കുന്ന കടമുറികളുടെ FACTEOS ലൈസൻസ് ഉറപ്പാക്കിയില്ല. (ഖണ്ഡിക നം 1-16)
- ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു (ഖണ്ഡിക നം 1-13)

റിസ്ക് മാനേജ്മെന്റ് പോരായ്മകൾ പരിഹരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയതി |
|---|---|---|---|
| പെർഫോർമൻസ് ഓഡിറ്റ് | 12.11.20 & 13.11.20 | 2020 ഫെബ്രുവരി, മാർച്ച് | 24.02.2021 |
| അക്കൗണ്ടന്റ് ജനറൽ | 03.06.20 മുതൽ 12.06.20 വരെ | 2014-15 മുതൽ 2018-19 | 09.09.2020 |

## 1-11 വാർഷികകണക്കുകളിലെ അപാകതകൾ

വാർഷിക ധനകാര്യ പത്രിക പരിശോധനയിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു.

1.വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.(കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ

2011,ചട്ടം 62 (എഫ്))

## 1-11-1 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ്- അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പാലിക്കുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2019-20 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 28,19,532 രൂപയാണ്. എന്നാൽ ഇതെ പത്രികയിൽ 2019-20 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 1,53,97,195 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-11-2 ഡിമാന്റ് എൻട്രികൾ സമയബന്ധിതമായി നടത്തുന്നില്ല,സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കേണ്ടതാണ്

1)1/4/2019-ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2019-20-ൽ അസസ്സ് ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2019-20 വർഷത്തിൽ ശ്രീനാരായണപുരം ഗ്രാമപഞ്ചായത്തിൽ 394 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2018-19-ലെ "110100101-Property Tax On Residential Buiding"എന്ന ശീർഷകത്തിലേയും "110100103-Property Tax On Non Residential Building" എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2019-20 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഒരു തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. (01.04.19 ). ഈ ഡിമാന്റ് എൻട്രിക്ക് സാധുത നല്കുന്ന വൗച്ചറുകൾ സൂക്ഷിച്ചിട്ടില്ല. "സഞ്ചയ" സോഫ്റ്റ്വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷിക കണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ ഉടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതി ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

2)2019-20-ൽ അസസ്സ് ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസ പത്രികയും അനുബന്ധ കണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/ എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്ത വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വരവിനം | ഡിമാന്റ് ചേർക്കുന്ന ശീർഷകം | ഡിമാന്റ് | രേഖപ്പെടുത്തിയ തീയ്യതി |
|---|---|---|---|---|
| 1 | കെട്ടിടങ്ങളിൽ നിന്നുള്ള വാടക | 130100101- Rent From Building | 1 1048736 | 431400101/ 01.04.19 |

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/ എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധുത നൽകുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.(ഓഡിറ്റ് അന്വേഷണം 4)

## 1-11-3 വസ്തുനികുതി-ലൈബ്രറി സെസ്സ് സഞ്ചയ ഡിസിബി-അംഗീകരിക്കുന്നില്ല

ബുക്ക് അഡ്ജസ്റ്റ്മെന്റ് വഴി അധിക തുക ക്രമീകരിച്ചതുമൂലവും ഡിമാന്റിനേക്കാൾ കുടതൽ കളക്ഷൻ വന്നതു മൂലവും ഡിമാന്റിനേക്കാൾ കൂടുതൽ കളക്ഷൻ വന്നിട്ടും ആയത് അധിക തുകയായി കാണിക്കാതെയും ബാലൻസ് കിട്ടാനുണ്ടായിട്ടും ആയത് ബാലൻസിൽ കാണിക്കാതെയും വസ്തുനികുതി വിവരം സഞ്ചയ ഡിസിബിയിൽ വന്നിട്ടുണ്ട്

ഉദാഹരണമായി നോൺ റസിഡൻഷ്യൽ-കറന്റിന്റെ സഞ്ചയ ഡിസിബി താഴെ കൊടുത്തിരിക്കുന്നു

| | സഞ്ചയയിലെ ഡാറ്റ | യഥാർത്ഥത്തിൽ | സഞ്ചയയിൽ വന്നത് |
|---|---|---|---|

| | | | വരേണ്ടത് | | | |
|---|---|---|---|---|---|---|---|
| വാർഡ് നമ്പർ | ഡിമാന്റ് | യഥാർത്ഥ കളക്ഷൻ | കറന്റിലേക്ക് ബുക്ക് അഡ്ജസ്റ്റ് ചെയ്ത തുക | ബുക്ക് അഡ്ജസ്റ്റ് ചെയ്തിട്ടും ബാലൻസ് കിട്ടാനുള്ളത് | അധിക കളക്ഷൻ | ബുക്ക് അഡ്ജസ്റ്റ് ചെയ്തിട്ടും ബാലൻസ് കിട്ടാനുള്ളത് | അധിക കളക്ഷൻ |
| 1 | 76737 | 76291 | 452 | 0 | 6 | 0 | 0 |
| 2. | 86426 | 83914 | 1484 | 1028 | 0 | 1191 | 244 |
| 3. | 64223 | 59219 | 138 | 4866 | 0 | 4866 | 0 |
| 4. | 174980 | 170501 | 171 | 4308 | 0 | 4439 | 130 |

ഇപ്രകാരം നോൺ റസിഡൻഷ്യൽ-അരിയറിന്റെയും റസിഡൻഷ്യൽ-കറന്റ്-അരിയറിന്റെയും ലൈബ്രറി സെസ്സുകളുടെയും സഞ്ചയ ഡിസിബികളിൽ മാറ്റമുണ്ട്.റസിഡൻഷ്യൽ-നോൺ റസിഡൻഷ്യൽ കെട്ടിടവസ്തുനികുതി അരിയറുകളിൽ വാർഡ് തിരിച്ച് കണക്കാക്കുമ്പോൾ ഡിമാന്റിനേക്കാൾ കൂടുതൽ കളക്ഷൻ വന്നിട്ടുണ്ട്.ഉദാ വാർഡ് 1,6.അരിയർ വസ്തുനികുതിയിൽ ഡിമാന്റിലേക്കാൾ കൂടുതൽ കളക്ഷൻ വന്നിട്ടും ആനുപാതികമായി ലൈബ്രറി സെസ്സിൽ കുറവ് കളക്ഷൻ രേഖപ്പെടുത്തിയിട്ടുണ്ട്.എന്നാൽ ബാലൻസ് കിട്ടനുള്ളത് രേഖപ്പെടുത്തിയിട്ടുമില്ല.ഉദാ. വാർഡ് 1,6.ആയതിനാൽ തന്നെ വസ്തുനികുതി,ലൈബ്രറി സെസ്സ്എന്നിവ സംബന്ധിച്ച സഞ്ചയ ഡിസിബി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണം 1/24.2.2021 ന മറുപടി ലഭ്യമാക്കിയിട്ടില്ല

## 1-11-4 സാംഖ്യ-സഞ്ചയ -വസ്തു നികുതി-ലൈബ്രറി സെസ്സ് ബാലൻസ് കണക്കാക്കുന്നതിൽ വ്യത്യാസം

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്.വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

ഉദാ-

1)റെസിഡൻഷ്യൽ-തൻവർഷം

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 4126135 | 3881947 | 71734 | 185930<br>യഥാർത്ഥത്തിൽ 172454 രൂപ ആണ് വരേണ്ടത്. വ്യത്യാസം 13476 രൂപ 13389 രൂപ തൻവർഷ അഡ്വാൻസ് തുക അടുത്ത വർഷത്തേക്ക് അഡ്ജസ്റ്റ് ചെയ്യാനുള്ളതായും മുൻ വർഷങ്ങളിലേതടക്കം 343460 രൂപ അഡ്വാൻസ് ബാലൻസ് അഡ്ജസ്റ്റ് ചെയ്യാനുള്ളതായും കാണിച്ചിട്ടുണ്ട്. |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 4126135 | 3920624 | 71734 | 133777 വരേണ്ടിയിടത്ത് 186082 രൂപ കിട്ടാനുള്ള ബാലൻസ് ആയി കാണിച്ചിരിക്കുന്നു.വ്യത്യാസം 52305 രൂപ |
| | (ഇൻകം & | (റസീറ്റ് & | ( 350410101- | * |

| | | | | |
|---|---|---|---|---|
| | എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | പേയ്മെന്റ് പത്രിക , ഷെഡ്യൂൾ ആർ.പി-43) | Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ) | (195386/105X100)=186082 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

2)ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതിയിനത്തിലെ ആകെ കിട്ടാനുള്ള തുക (5% ലൈബ്രറി സെസ്സ് ഉൾപ്പെടെ) 732834 രൂപയാണ്. ഇത് പ്രകാരം ഇതേ ഷെഡ്യൂളിൽ "431910101-State Govt Levies In Property Tax"എന്ന ശീർഷകത്തിൽ വരേണ്ട തുക 34897 രൂപ (732834/105x5) ആണ്. എന്നാൽ ഈ ശീർഷകത്തിൽ 35931 രൂപ ചേർത്തിട്ടുണ്ട്. വ്യത്യാസം പരിഹരിക്കേണ്ടതാണ്.

3)തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 344303 രൂപയും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 345100 രൂപയുമാണ്.(സഞ്ചയ പ്രകാരമുള്ള ആകെ ഡിമാന്റ് 394524 രൂപയും സാംഖ്യ പ്രകാരമുള്ള ആകെ ഡിമാന്റ് 382826 രൂപയും ആണ്) ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന “431910101 State Govt Cesses/Levies In Property Tax Control Account” എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല.

## 1-11-5 Prior Period Items” എന്ന നോമിനൽ അക്കൗണ്ട് പ്രകാരം അഡ്വാൻസ് തുക സാങ്കല്പികമായി ജേണൽ വൗച്ചർ മുഖേന വർദ്ധിപ്പിച്ചതായും കുറവ് ചെയ്തതായും കാണുന്നു.വൗച്ചറുകളോ മറ്റ് രേഖകളോ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല

2018-19 വർഷത്തെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/3/2019 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുകയേക്കാൾ കൂടുതൽ തുക 2019-20 വർഷം ഈയിനത്തിൽ ക്രമീകരിച്ചതായി കാണുന്നു. “Prior Period Items” എന്ന നോമിനൽ അക്കൗണ്ട് പ്രകാരം അഡ്വാൻസ് തുക വർദ്ധിപ്പിക്കുകയും തുടർന്ന് ആയത് തൻവർഷത്തേക്ക് ക്രമീകരിക്കുകയുമാണ് ചെയ്തത്. ക്യാഷ് ആയി അഡ്വാൻസ് തുക ലഭിച്ചിട്ടില്ല. മേൽ വർദ്ധനക്ക് ആയതിന് വൗച്ചറുകളോ മറ്റ് രേഖകളോ സൂക്ഷിച്ചിട്ടുമില്ല. ക്രമീകരിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരം 31/3/19 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On Residential Building | 398174 |
| 2 | 350410104-Advance Collection Of Revenues -Property Tax On Non-Residential Building | 133162 |

തൻവർഷത്തെയും മുൻ വർഷത്തെയും വസ്തു നികുതി അഡ്വാൻസ് ലെഡ്ജർ അക്കൗണ്ട് പരിശോധിച്ചു. അതിൽ താഴെ പറയും പ്രകാരം രൂപ കാഷ് ആയോ ബാങ്ക് മുഖേനയുള്ള വരവായി ലഭിച്ചതല്ല എന്നും "Prior Period Items” എന്ന നോമിനൽ അക്കൗണ്ട് പ്രകാരം അഡ്വാൻസ് തുക സാങ്കല്പികമായി ജേണൽ വൗച്ചർ മുഖേന വർദ്ധിപ്പിച്ചതായും കുറവ് ചെയ്തതായും കാണുന്നു. ഇപ്രകാരം ജേണൽ വൗച്ചർ മുഖേന വർദ്ധനവ്/കുറവ് കാരണം രേഖപ്പെടുത്തിയിട്ടുള്ളതും അംഗീകരിക്കാനാകുന്നതുമായ യാതൊരു സബ് വൗച്ചറുകളും, വർക് ഷീറ്റുകളും, നടപടിക്രമങ്ങളും സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഇപ്രകാരം സാങ്കല്പിക വർദ്ധനവ്/കുറവ് വരുത്തിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഇപ്രകാരം വർദ്ധനവ്/കുറവ് വരുത്തിയ വൗച്ചർ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) റെസിഡൻഷ്യൽ

| ക്ര.ന | ജേണൽ വൗച്ചർ | തീയ്യതി | തുക |
|---|---|---|---|
| 1 | 41900339 | 01.4.2019 | 19579 രൂപ അരിയർ സഞ്ചയ പ്രകാരം കുറച്ച് കിട്ടിയതായി കാണിച്ചു |
| 2 | 41900341,343 | 01.4.2019 | 2345 രൂപ സഞ്ചയ പ്രകാരം ലൈബ്രറി സെസ്സ് വർദ്ധിപ്പിക്കാനായി അരിയർ വർദ്ധിപ്പിച്ചു കിട്ടിയതായി കാണിച്ചു,2345രൂപ ലൈബ്രറി സെസ്സ് വർദ്ധിപ്പിച്ചു |
| 3 | 41900368 | 31.3.2020 | 1219 രൂപ പ്രയർ പിരീഡ് അഡ്വാൻസ് കിട്ടിയതായികാണിച്ചു 19-20ലേക്ക് അഡ്വാൻസിൽ കുറവ് കാണിച്ചു |

| | | | |
|---|---|---|---|
| 4 | 41900384 | 31.3.2020 | 444380രൂപ മുൻവർഷം പ്രൊവിഷൻ ആയി കാണിച്ച തുക കുറവ് ചെയ്തു<br>വരവാക്കി കാണിച്ചു |

2 നോൺ-റെസിഡൻഷ്യൽ

| ക്ര.ന | ജേണൽ വൗച്ചർ | തീയ്യതി | തുക |
|---|---|---|---|
| 1. | 41900341 | 01.4.2019 | 14110രൂപ അരിയർ സഞ്ചയ പ്രകാരം കുറച്ച് എഴുതി തള്ളി |
| 2. | 41900342 | 01.4.2019 | 2096രൂപ  സഞ്ചയ പ്രകാരം ലൈബ്രറി സെസ്സ് കൂട്ടികിട്ടിയതായി കാണിച്ചു |
| 3 | 41900344 | 01.4.2019 | ലൈബ്രറി സെസ്സ് വർദ്ധിപ്പിക്കാനായി 2096രൂപ അരിയർ സഞ്ചയ പ്രകാരം കൂട്ടി കിട്ടിയതായി കാണിച്ചു |
| 4 | 41900369 | 31/03/2020 | 2647 രൂപ അഡ്വാൻസ് വർദ്ധിപ്പിച്ചു (പിന്നീട് 19-20 ൽ അഡ്വാൻസിൽ നിന്നും കുറവ് ചെയ്തു) |

മറുപടി ലഭ്യമാക്കിയിട്ടില്ല(ഓഡിറ്റ് അന്വേഷണം 3)

## 1-12 റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് അപാകതകൾ

1) 16.11.2019 ൽ ഇഷ്യു ചെയ്ത, ജോയിന്റ് വെഞ്ചർ അക്കൌണ്ട്( നം. 799011400001097 )ചെക്ക് നമ്പർ 1967447 പ്രകാരം 79764/- രൂപ പിൻവലിച്ചതായി ബാങ്ക് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ബാങ്കിൽ നിന്നും തുക പിൻവലിച്ചതായി കാണുന്നില്ല. ഇഷ്യു ചെയ്ത ചെക്കിന്റെ കാലാവധി മൂന്ന മാസമാണെന്നിരിക്കെ ടി തുക സ്റ്റെയ്ൽ ചെക്ക് രജിസ്റ്ററിൽ ചേർത്ത് ബാധ്യതാ ശീർഷകത്തിൽ ഉൾപ്പെടുത്തുന്നതിന പകരം മാർച്ച് മാസത്തെ റീകൺസിലിയേഷൻ പത്രികയിൽ ഉൾപ്പെടുത്തിയത് നടപടിപ്രകാരമല്ല.
2) 10.02.2020 ൽ ഇഷ്യു ചെയ്ത ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൌണ്ടിന്റെ (നം.799013000001031) 18600/- രൂപയുടെ ചെക്ക് നമ്പർ 1501762 ഉപയോഗിച്ച് 2020 മാർച്ച് 31 വരെയും തുക പിൻവലിച്ചതായി കാണുന്നില്ല. എന്നാൽ 2020 മാർച്ച് മാസത്തെ റീകൺസിലിയേഷൻ പത്രികയിൽ പ്രസ്തുത തുക ഉൾപ്പെടുത്തിയിട്ടില്ല.

## 1-13 ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന

1996ലെ കേരള പഞ്ചായത്ത് രാജ് (Dangerous And Offensive Trade License) ചട്ടങ്ങൾ എസ്. ആർ.ഒ. നം. 674/2017/ എൽ.എസ്.ജി.ഡി. തീയതി.31.10.2017 പ്രകാരം ഭേദഗതി ചെയ്തിട്ടുണ്ട്. ഇതിലൂടെ ചട്ടങ്ങളുടെ പേര്, കേരള പഞ്ചായത്ത് രാജ് (Issue Of License To Factories, Trades, Entrepreneurship Activities And Other Services) ചട്ടങ്ങൾ എന്ന് ഭേദഗതി ചെയ്തിട്ടുണ്ട്.ഈ ഭേദഗതിയിൽ ഷെഡ്യൂൾ I ലെ ക്രമ നം.139 പ്രകാരം അബ്കാരി ഷാപ്പുകളിലെ സംഭരണവും വിൽപ്പനയും നടത്തുന്നതിനും, 149 (റീട്ടെയിൽ റേഷൻ ഡിപ്പോ), എന്നിവയ്ക്ക് ലൈസൻസ് നിർബന്ധമാണെന്ന് നിഷ്കർശിച്ചിരിക്കെ ആകെ ഒരു റേഷൻ ഡിപ്പോയിൽ നിന്ന മാത്രമാണ് (കെട്ടിട നം IV/233) ലൈസൻസ് ഫീസ് ഈടാക്കിയിട്ടുള്ളത്.പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 232 പ്രകാരം ലൈസൻസ് കൂടാതെ ഏതാവശ്യത്തിനും സ്ഥലങ്ങൾ ഉപയോഗിക്കാൻ പാടില്ലെന്ന് നിഷ്കർശിച്ചിരിക്കുന്നു.ആയതിന നടപടി സ്വീകരിക്കേണ്ടതാണ്(ഓഡിറ്റ് അന്വേഷണം 21/5.3.21)

## 1-14 വാടകയിനത്തിലെ കുടിശ്ശിക പിരിച്ചെടുക്കാതെ കാലഹരണപ്പെടുന്നതിനാൽ 2,89,078 രൂപ വരുമാന നഷ്ടം

ഷോപ്പിങ്ങ് കോംപ്ലക്സ് വാടകയിനത്തിൽ മുൻവർഷങ്ങളിലെ കുടിശ്ശികയായി 289078/-രൂപയും തൻവർഷത്തെ കുടിശ്ശിക 1,03,052/- രൂപയും കൂടി ആകെ 3,92,130/- രൂപ പിരിഞ്ഞ് കിട്ടാനുണ്ട്.
ശ്രീനാരായണപുരം ഗ്രാമപഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിലെ 5/527 (പഴയ നമ്പർ 525 എ) കടമുറി 10.10.14-ൽ ലേലം നടന്നിട്ടുള്ളതും കൂടുതൽ തുകയ്ക്ക് ലേലം വിളിച്ച (18100/- രൂപ) പോനാക്കുഴി യൂസഫ് ഭാര്യ റഹിയാനത്ത് എന്നവരുടെ ലേലം 16.10.14-ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 14-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുള്ളതും ഒരു വർഷത്തേക്ക് 14.11.14-ൽ കരാർ ചമച്ചിട്ടുള്ളതുമാണ്. കാലാവധി കഴിഞ്ഞിട്ടും വാടക അടവാക്കുകയോ എഗ്രിമെന്റ് പുതുക്കുകയോ ചെയ്തിട്ടില്ലാത്തതിനാൽ കുടിശ്ശിക അടവാക്കി എഗ്രിമെന്റ് പുതുക്കുന്നതിന് നോട്ടീസ് നല്കിയെങ്കിലും ടിയാരി തുക അടവാക്കുകയുണ്ടായില്ല. 18.2.16-ലെ 7(1) തീരുമാനപ്രകാരം ഡെപ്പോസിറ്റ് ഇനത്തിൽ അടവാക്കിയ 54,300/- രൂപ വാടകയിലേക്ക് വരവു വെയ്ക്കുന്നതിനും ബാക്കി തുക ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടി സ്വീകരിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു. തുടർന്ന് 5.3.16-ന് 2,66,502/- രൂപയ്ക്ക് R.R ഡിമാന്റ് നോട്ടീസ് നൽകുകയും 7.4.16-ന് റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതിനായി ബഹു.ജില്ലാ കളക്ടർക്ക് 28.5.16-ന് അപേക്ഷ സമർപ്പിക്കുകയും ചെയ്തു. ജില്ലാ കളക്ടർ R.R നടപടികൾ സ്വീകരിക്കുന്നതിന് വില്ലേജ് ഓഫീസർ പനങ്ങാടിന് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. റവന്യൂ റിക്കവറി നടപടിക്കെതിരെ ടിയാരി ബഹു.ഹൈക്കോടതിയിൽ ശ്രീനാരായണപുരം ഗ്രാമപഞ്ചായത്തിനെ 1-ാം കക്ഷിയായും, ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ 2-ാം കക്ഷിയായും ഫയൽ ചെയ്തിട്ടുള്ള WP(C)22232/2016(D) നമ്പർ കേസിൽ 7.9.16-ന് മറ്റൊരു ഉത്തരവുണ്ടാകുന്നതുവരെ R.R നടപടിക്ക് സ്റ്റേ ഓർഡർ വാങ്ങിയിട്ടുള്ളതാണ്.പിന്നീട് ഈ

കേസിന്റെ അന്തിമ തീർപ്പുണ്ടാകുന്നതിനായി തുടർ നടപടികൾ സ്വീകരിച്ചു കാണുന്നില്ല.നിലവിൽ കെട്ടിടം വാടകക്ക് വേറൊരു വ്യക്തിക്ക് നൽകിയിട്ടുള്ളതാണ്.ഇപ്പോഴത്തെ വാടക കുടിശ്ശിക 2,89,078 യാണ്.കുടിശ്ശിക തയ്യാറാക്കിയതു സംബന്ധിച്ച് വർക്ക് ഷീറ്റ് ,വാടക അരിയർ ഡിമാന്റിനോടൊപ്പം ചേർത്തു സൂക്ഷിച്ചിട്ടില്ല.

കേസു തീർപ്പാക്കാൻ ത്വരിത നടപടി കൈകൊള്ളേണ്ടതും എല്ലാ കുടിശ്ശികകളും പിരിച്ചെടുക്കുന്നതിന് എത്രയും വേഗം നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

നാഷണൽ ഹൈവേയോട് ചേർന്ന് സ്ഥിതിചെയ്യുന്ന പഞ്ചായത്ത് ഷോപ്പിംഗ് കോപ്ലക്സ്, മറ്റ് ഗ്രാമപഞ്ചായത്ത് കെട്ടിടങ്ങൾ എന്നിവയിൽ നിന്ന് 10 ലക്ഷത്തിലധികം രൂപ വാടക ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭ്യമാകുന്നുണ്ട്. ഏകദേശം 40 വർഷം മുൻപ് പണിത ഷോപ്പിങ്ങ് കോംപ്ളക്സിന് നാളിതുവരെ ബൈലോ തയ്യാറാക്കി അംഗീകാരം ലഭ്യമാക്കിയിട്ടില്ല .1995-ലെ കേരള പഞ്ചായത്ത് രാജ് (ബൈലോകൾ ഉണ്ടാക്കാനുള്ള നടപടിക്രമം ) ചട്ടങ്ങൾ പ്രകാരം ബൈലോ തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ് ഇക്കാര്യത്തിൽ അധികാരികളുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു

## 1-15 രജിസ്റ്ററുകളുടെ പരിപാലനം-അപാകതകൾ

1. ആസ്തിരജിസ്റ്റർ പൂർണ്ണമല്ല.

2.സ്ഥാപന തൊഴിൽ നികുതി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

3. ഡി ആന്റ് ഓ രജിസ്റ്ററിനൊപ്പം ആണ് ട്രേഡേഴ്സ് തൊഴിൽ നികുതി അടവാക്കിയത് രേഖപ്പെടുത്തുന്നത്.ആയതിന്റെയും പെർമ്മിറ്റ് രജിസ്റ്ററിന്റെയും ഡിസിബി സംക്ഷിപ്തം തയ്യാറാക്കിയിട്ടില്ല

4. ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കിയിട്ടില്ല

5. അഡ്വാൻസ് ,ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി പരിപാലിച്ചിട്ടില്ല.

6. ,വാടക,ലേലം കളക്ഷൻ സാക്ഷ്യപ്പെടുത്തുന്നില്ല

7. ബിൽഡിംഗ് റെഗുലറൈസേഷൻ രജിസ്റ്റർ പൂർണ്ണമല്ല.

രജിസ്റ്ററുകൾ കാലികമാക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-16 ഗ്രാമപഞ്ചായത്ത് വാടകയ്ക്ക് നൽകിയിരിക്കുന്ന കടമുറികളുടെ FACTEOS ലൈസൻസ് ഉറപ്പാക്കിയില്ല.

ഗ്രാമപഞ്ചായത്തിന്റെ ഷോപ്പിങ്ങ് കോംപ്ലക്സിൽ വാടകയ്ക്ക് നൽകിയിരിക്കുന്ന 65 കടമുറികളിൽ 41 കടമുറികളുടെ FACTEOS ലൈസൻസ് അപേക്ഷകൾ മാത്രമേ പരിശോധനയ്ക്ക് ലഭ്യമായുള്ളൂ. ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നമ്പർ 18/5.03.2021) മറുപടി ലഭ്യമായിട്ടില്ല. ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ വിവരം താഴെ ചേർക്കുന്നു

| ക്രമ നമ്പർ | കെട്ടിട നമ്പർ |
|---|---|
| 1 | 5/468 |
| 2 | 5/470 |
| 3 | V/476 |
| 4 | V/480 |
| 5 | V/481 |
| 6 | V/489 |
| 7 | V/490 |
| 8 | V/494 |
| 9 | V/499 |
| 10 | V/500 |
| 11 | V/504 |
| 12 | V/505 |
| 13 | V/506 |
| 14 | V/511 |
| 15 | V/513 |
| 16 | V/514 |
| 17 | V/518 |
| 18 | V/519 |
| 19 | V/520 |
| | |

| | |
|---|---|
| 20 | V/522 |
| 21 | V/527 |
| 22 | V/528 |
| 23 | V/529 |
| 24 | V/530A |
| 25 | V/530B |

ഗ്രാമപഞ്ചായത്ത് ഷോപ്പിങ്ങ് കോംപ്ളക്സിലെ സ്ഥാപനങ്ങളുടെ പ്രവർത്തന ലൈസൻസ് ഉറപ്പാക്കിയില്ല എന്നത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ അലംഭാവമായി വീക്ഷിക്കുന്നതാണ്. കൂടാതെ ഈ കെട്ടിടങ്ങൾ കീഴ്വാടകക്ക നൽകിയിട്ടുണ്ടോ എന്നും പരിശോധിക്കേണ്ടതാണ്.

## 1-17 തൊഴിൽ നികുതി ഈടാക്കിയില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 204-ാം വകുപ്പ് പ്രകാരവും, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ പ്രകാരവും പഞ്ചായത്ത് പ്രദേശത്ത് അർദ്ധ വർഷത്തിൽ 60 ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന സ്ഥാപനങ്ങൾ, തൊഴിലിൽ ഏർപ്പെടുന്ന വ്യക്തികൾ എന്നിവരിൽ നിന്നും നിർണ്ണയിക്കപ്പെട്ട നിരക്കിൽ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. എന്നാൽ താഴെ ചേർത്തിട്ടുള്ള സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന വ്യക്തികളിൽ നിന്നും 2019-20 വർഷം തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. വിശദ വിവരം താഴെ ചേർക്കുന്നു.

I).തൊഴിൽ നികുതി ഒടുക്കാത്തത്.(തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം)

| ക്രമ നം. | പേര് | അർദ്ധ വർഷം |
|---|---|---|
| 1 | ആല സർവീസ് സഹകരണ ബാങ്ക് | 2nd |
| 2 | സുപ്രീം ബേക്കറി | 2nd |
| 3 | സുപ്രീം ഫുഡ് പ്രൊഡക്ട്സ് | 2nd |
| 4 | സുപ്രീം ബേക്കറി പ്രൊപ്രൈറ്റർഷിപ്പ് | 2nd |
| 5 | വി ആർ സുപ്രീം മാർക്കറ്റിംഗ് പ്രൈവറ്റ് ലിമിറ്റഡ് | 2nd |
| 6 | വി ആർ ഫുഡ്സ് | 2nd |
| 7 | പൂവത്തുംകടവ് കാർഷിക സഹകരണ ബാങ്ക്,വെസ്റ്റ് വെമ്പല്ലൂർ | 2nd |
| 8 | ഗ്രീഷ്മ ഓയിൽ മിൽ | 1st &2nd |
| 9 | ഗുരുദേവ കല്യാണ മണ്ഡപം | 1st &2nd |
| 10 | ഗുരു കടാക്ഷം കുറീസ് പ്രൈവറ്റ് ലിമിറ്റഡ് | 1st &2nd |
| 11 | എസ് .എൻ ബാങ്കേഴ്സ് ,അഞ്ചങ്ങാടി | 2nd |
| 12 | എസ് .എൻ ബാങ്കേഴ്സ്,ഇല്ലിച്ചോട് | 2nd |

II)കരാറുകാരിൽ നിന്നും നികുതി ഒടുക്കാത്തത്.

അസി.എഞ്ചിനീയറുടെ മാന്വൽ രസീതുബുക്ക്, കാഷ്ബുക്ക്, പ്രൊജക്റ്റ് രജിസ്റ്റർ, എഗ്രിമെന്റ് രജിസ്റ്റർ, എന്നിവ പരിശോധിച്ചതു പ്രകാരം 2019-20 വർഷ കാലയളവിൽ പഞ്ചായത്തിൽ കരാറുകാരായി പ്രവർത്തിച്ചവരിൽ നിന്ന് തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് അടവാക്കിയിട്ടില്ല.

III) 2019-20 സാമ്പത്തിക വർഷത്തേക്ക് ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്തിട്ടുള്ള കൂടുതൽ ജീവനക്കാർ പ്രവർത്തി എടുക്കുന്ന ചുവടെ ചേർക്കുന്ന സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| നം | സ്ഥാപനത്തിന്റെ പേര് | ഫയൽ നമ്പർ | ലൈസൻസിനുള്ള അപേക്ഷ പ്രകാരം ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | IBP ഓട്ടോ സർവീസ് | A7-1186/19, 20.02.2019 | 5 |
| 2 | ജോസൺസ് ഹാർഡ് വെയേഴ്സ് | - | 7 |
| 3 | അമീൻ ഫാസ്റ്റ് ഫുഡ് | - | 6 |

| | | | |
|---|---|---|---|
| 4 | ബ്രില്ലിയന്റ് ഇന്റീരിയർസ് | - | 8 |
| 5 | വൈറ്റ് റൂഫ് ബിൽഡിംഗ് സിസ്റ്റം | A7-1379/19, 27.02.2019 | 14 |
| 6 | യുണൈറ്റഡ് സോഫാ മെക്കിംഗ് | A7-1332/19, 26.02.2019 | 4 |
| 7 | സൂപ്പർ ഡ്രഗ്സ് ഓഫ് കേരള | A7-1360/19, 27.02.2019 | 4 |
| 8 | ലാംസി സൂപ്പർ മാർക്കറ്റ് | A7-2575/19, 04.04.2019 | 4 |
| 9 | എ.ആർ എക്സ്പോർട്ടേഴ്സ് | A7-2931/19, 29.04.2019 | 6 |
| 10 | വർഷ & വർണ്ണ എക്സ്പോർട്ടേഴ്സ് | A7-2932/19, 29.04.2019 | 8 |
| 11 | മാംഗോ ഔട്ട്ഡോർ കാറ്ററിംഗ് | A7-4330/19, 27.06.2019 | 6 |
| 12 | സുനീസ് അമ്പാടി ട്രേഡേഴ്സ് | A7-6342/19, 21.08.2019 | 5 |
| 13 | ആശ ക്ലിനിക് | A7-1112/19, 06.11.2019 | 5 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന (17/05.03.21) മറുപടി ലഭ്യമാക്കിയിട്ടില്ല. വ്യാപാര സ്ഥാപനങ്ങളിലെ തൊഴിലാളി/ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-17-1 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 204-ാം വകുപ്പ് പ്രകാരവും, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ പ്രകാരവും പഞ്ചായത്ത് പ്രദേശത്ത് അർദ്ധ വർഷത്തിൽ 60 ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന സ്ഥാപനങ്ങൾ, തൊഴിലിൽ ഏർപ്പെടുന്ന വ്യക്തികൾ എന്നിവരിൽ നിന്നും നിർണ്ണയിക്കപ്പെട്ട നിരക്കിൽ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. എന്നാൽ താഴെ ചേർത്തിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും 2019-20 വർഷം സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. വിശദ വിവരം താഴെ ചേർക്കുന്നു.

I).സ്ഥാപന നികുതി ഒടുക്കാത്തത്.(തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം)

| ക്രമ നം. | പേര് | അർദ്ധ വർഷം |
|---|---|---|
| 1 | ബി എസ് എൻ എൽ | 1st &2nd |
| 2 | ഗുരുദേവ കല്യാണ മണ്ഡപം | 1st &2nd |
| 3 | ആല സർവീസ് സഹകരണ ബാങ്ക് | 2nd |
| 4 | പൂവത്തുംകടവ് കാർഷിക സഹകരമ ബാങ്ക്,വെസ്റ്റ് വെമ്പല്ലൂർ | 2nd |
| 5 | ഗുരു കടാക്ഷം കുറീസ് പ്രൈവറ്റ് ലിമിറ്റഡ് | 2nd |
| 6 | നാട്ടിക ഫിർക സഹകരണ ബാങ്ക് , പതിയാശ്ശേരി | 2nd |
| 7 | തൃശ്ശൂർ ജില്ലാ സഹകരണ ബാങ്ക് | 2nd |
| 8 | സിൻഡിക്കേറ്റ് ബാങ്ക് , പടിഞ്ഞാറേ വെമ്പല്ലൂർ | 2nd |
| 9 | എസ് .എൻ ബാങ്കേഴ്സ് ,അഞ്ചങ്ങാടി | 1st &2nd |
| 10 | ശ്രീനാരായണ ബാങ്കേഴ്സ് | 1st &2nd |
| 11 | എസ് .എൻ. ബാങ്കേഴ്സ്, ഇല്ലിച്ചോട് | 1st &2nd |
| 12 | മണപ്പുറം ഫിനാൻസ് ,എസ് .എൻ. പുരം | 2nd |

| | | |
|---|---|---|
| 13 | മണപ്പുറം ഫിനാൻസ്, കോതപറമ്പ് | $2^{nd}$ |

അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (17/5.03.2021) മറുപടി ലഭ്യമാക്കിയിട്ടില്ല.
1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ പ്രകാരം ഓരോ സ്ഥാപനത്തിനും പ്രത്യേക പേജുകൾ അനുവദിച്ചു കൊണ്ട് വാർഡ് തിരിച്ചുള്ള ഒരു ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

## 1-18 രസീത് പരിശോധനയിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിൽ നിന്നും നൽകുന്ന രസീതി ബുക്കുകളിൽ രസീതുകളുടെ എണ്ണം സാക്ഷ്യപ്പെടുത്തൽ രേഖപ്പെടുത്തിയിട്ടില്ല. കേരളാ ട്രഷറി കോഡ്, വോള്യം 1, ആർട്ടിക്കിൾ 92(B) കുറിപ്പ് 2 പ്രകാരം സ്ഥാപനത്തിന്റെ സീൽ പതിക്കേണ്ടതും അക്കൗണ്ട് റൂൾ ചട്ടം 83 അനുസരിച്ച് സ്ഥാപനമേധാവി രസീതുകളുടെ എണ്ണം സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.
രസീതുബുക്കുകളിലെ ഉപയോഗിക്കാത്ത രസീതുകൾ ക്യാൻസൽ ചെയ്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്. എന്നാൽ രസീത്ബുക്ക് നം. 63261, 63270, 63271, 63272, 63273 എന്നിവയിലെ ഉപയോഗിക്കാത്ത രസീതുകൾ ക്യാൻസൽ ചെയ്തത് സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

രസീതുകൾ സീരിയൽ നമ്പർ പ്രകാരം കളക്ഷന് വേണ്ടി ഉപയോഗിക്കേണ്ടതാണ്. ഇഷ്യു ചെയ്തിട്ടുള്ള രസീതുബുക്ക് ഉപയോഗിച്ച് തീരുന്നതിനു മുൻപേ മറ്റൊരു രസീതുബുക്ക് കളക്ഷനു വേണ്ടി ഉപയോഗിക്കുന്നത് ചട്ടവിരുദ്ധമാണ്.

14.11.2019 ൽ കൃഷി ഓഫീസർക്ക് ഇഷ്യു ചെയ്തിട്ടുള്ള 57066 നമ്പർ രസീതുബുക്ക് ഓഡിറ്റ് വേളയിലും ഉപയോഗിക്കാതെ വെയ്ക്കുകയാണ് ഉണ്ടായിട്ടുള്ളത്.എന്നു മാത്രവുമല്ല, 15.01.2020 ലും 27.01.2020 ലും ഇഷ്യു ചെയ്ത രസീത്ബുക്കുകൾ ഉപയോഗിക്കുകയും ചെയ്യുകയുണ്ടായി. ഇക്കാര്യം കൃഷി ഓഫീസറുടെ ശ്രദ്ധയിൽപ്പെടുത്തി ഒന്നു മുതൽ നൂറു വരെയുള്ള രസീതുകൾ ക്യാൻസൽ ചെയ്ത് കൊണ്ടുവരുകയാണ് ഉണ്ടായിട്ടുള്ളത്. രസീത്ബുക്ക് ഉപയോഗിക്കാതെയും തിരികെ ഏൽപ്പിക്കാതെയും ഉപയോഗ യോഗ്യമല്ലാതെയാക്കിയത് ശരിയായ നടപടിയല്ല.

## 1-19 ഉപകരണങ്ങൾ വാങ്ങിയതിന്റെ വിവരം സ്റ്റോക്കിൽ ചേർത്തിട്ടില്ല.

| | |
|---|---|
| 1) പ്രോജക്റ്റ് നമ്പർ | 200/19-20 (സ്പിൽ ഓവർ) |
| | പ്രളയ ബാധിത പ്രദേശങ്ങളിലെ അംഗൻവാടികൾക്ക് ഉപകരണങ്ങൾ വാങ്ങൽ |
| നിർവ്വഹണം | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| അടങ്കൽ തുക | 54098/- |
| ചെലവ് | 54000/- (മെയിന്റനൻസ് ഫണ്ട് - റോഡിതരം) |
| ബിൽ നമ്പർ - | 2/ 19-20 തീയതി 25.06.2019 |
| ഇൻവോയ്സ് നമ്പർ - | 33/07.03.2019 തുക -54000/ |

ടി ബിൽ പ്രകാരം അംഗനവാടികളിലേയ്ക്ക് വിതരണം ചെയ്യുന്നതിനായി 22 ഇനം ഉപകരണങ്ങൾ വെക്കോ ട്രേഡിംഗ്, അരിമ്പൂർ എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. ഉപകരണങ്ങൾ ഏതൊക്കെ അംഗൻവാടികളിലേക്കാണ് വിതരണം ചെയ്തത് എന്നതിന്റെ വിവരങ്ങൾ ഹാജരാക്കിയിട്ടില്ല. കൂടാതെ ഉപകരണങ്ങളുടെ ആവശ്യകതാ നിർണ്ണയം നടത്തിയതിന്റെയും വിവരങ്ങൾ ലഭ്യമല്ല.

ഉപകരണങ്ങൾ ഏതൊക്കെ അംഗൻവാടികളിലേക്കാണ് വിതരണം ചെയ്തതിന്റെയും കൈപ്പറ്റിയതിന്റെയും രേഖകൾ ഹാജരാക്കേണ്ടതാണ്.

| | |
|---|---|
| 2).പ്രോജക്റ്റ് നമ്പർ | 198/20 (സ്പിൽ ഓവർ) |
| | അംഗൻവാടികളിലേയ്ക്ക് ഉപകരണങ്ങൾ വാങ്ങൽ |
| നിർവ്വഹണം | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| അടങ്കൽ തുക | 270000/- |
| ചെലവ് | 269972/- (മെയിന്റനൻസ് ഫണ്ട്) |
| ബിൽ നമ്പർ - | 4/ 19-20 തീയതി 12.07.2019 |
| ഇൻവോയ്സ് നമ്പർ | A38/23.03.2019 80559/-<br>A37/23.03.2019 93328/-<br>A36/23.03.2019 96085/-<br>ആകെ 269972/- രൂപ |

പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി ടെണ്ടർ മുഖേന അംഗൻവാടികളിലേയ്ക്ക് മേശ (16 എണ്ണം), സ്റ്റീൽ ഗ്ലാസ്സ് (360 എണ്ണം), സ്റ്റീൽ പ്ലേറ്റ് (12 എണ്ണം), വാട്ടർ ടാങ്ക് 500 ലിറ്റർ (16 എണ്ണം), SS ഡ്രം (36 എണ്ണം), സീലിംഗ് ഫാൻ (19 എണ്ണം), ചെയർ (20 എണ്ണം), അലമാര (11 എണ്ണം), ഗ്യാസ് സ്റ്റൗ (21 എണ്ണം) എന്നീ ഉപകരണങ്ങൾ വാങ്ങിച്ച വകയിൽ BPRO സൊല്യൂഷൻസ് എന്ന സ്ഥാപനത്തിന് 269972/-

രൂപ കൈമാറിയിട്ടുണ്ട്. സ്റ്റോക്ക് രജിസ്റ്ററിൽ ഉപകരണങ്ങൾ ലഭിച്ച വിവരം ചേർത്തിട്ടില്ല. ടി ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തതിന്റെയും വിതരണം ചെയ്തതിന്റെയും രേഖകൾ ഹാജരാക്കിയിട്ടില്ല. BPRO സൊല്യൂഷൻസ് എന്ന സ്ഥാപനത്തിൽ നിന്നും പെർഫോമൻസ് സെക്യൂരിറ്റി ഇനത്തിൽ തുക ഈടാക്കിയതിന്റെയും രേഖകൾ ഹാജരാക്കിയിട്ടില്ല. കൂടാതെ BPRO സൊല്യൂഷൻസ് എന്ന സ്ഥാപനവുമായി വിതരണ നിബന്ധനകളും കരാർ ലംഘനത്തിന്മേലുള്ള നിയമനടപടികളും ഉൾപ്പെടുന്ന കരാറിൽ ഏർപ്പെട്ടിട്ടില്ല. സാധനങ്ങൾ സ്റ്റോക്കിലെടുക്കുമ്പോൾ സാധനങ്ങളുടെ ഗുണനിലവാരവും കേടുപാടുകൂടാതെ സ്റ്റോക്കിലെടുത്തതും സംബന്ധിച്ച് ബില്ലിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

(ഓഡിറ്റ് എൻക്വയറി 10/03.03.2021)

സാധനങ്ങളും സേവനങ്ങളും ലഭ്യമാക്കുമ്പോൾ ആയതുസംബന്ധിച്ച മാർഗ്ഗരേഖയിലെയും സ്റ്റോർ പർച്ചേസ് മാന്വലിലെയും കേരള ഫിനാൻഷ്യൽ കോഡിലെയും നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. സ്റ്റോറുകൾ കൈപ്പറ്റാൻ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ ആയവ പരിശോധിച്ച് സ്പെസിഫിക്കേഷൻ പ്രകാരമുള്ളതും കേടുപാടുകൾ കൂടാതെ ലഭിച്ചതിന്റെയും വിവരം സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതും സ്റ്റോക്കിൽ ചേർക്കേണ്ടതുമാണ്. കൂടാതെ വിതരണം ചെയ്യുന്ന സമയത്തു തന്നെ വിതരണ വിവരം സ്റ്റോക്കിൽ ചേർക്കേണ്ടതാണ്.

## 1-20 വൃദ്ധർക്ക് കട്ടിൽ വിതരണം - സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ- | 194/19-20 (സ്പിൽ ഓവർ) |
| | വൃദ്ധർക്ക് കട്ടിൽ (പട്ടിക ജാതി) |
| നിർവ്വഹണം | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| അടങ്കൽ തുക- | 319977/- |
| ചെലവ് - | 319271/- ( 318243/- (എസ്.സി.പി) + 1028/-(തനത് ഫണ്ട്)) |
| ബിൽ നമ്പർ - | 6/ 19-20 തീയതി 04.09.2019 തുക 225635/- |
| | 10/ 19-20 തീയതി ഇല്ല തുക 92608/- |
| ചെക്ക് നമ്പർ - | 5893830 തീയതി 16.11.2019 തുക 1028/- |

മേൽ പദ്ധതിയിൽ ഉൾപ്പെടുന്ന താഴെപ്പറയുന്ന ബില്ലുകളുടെ തുക രാജധാനി ഏജൻസീസ്, ചെർപ്പുളശ്ശേരി എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്.

| ഇൻവോയ്സ് നമ്പർ | തുക | എണ്ണം | റിമാർക്സ് |
|---|---|---|---|
| C 132/14.02.2019 | 97105/-( 55702/- രൂപ 2019-20 ൽ കൊടുത്തു. | 28 (2939/- രൂപാ നിരക്കിൽ) | 2018-19ൽ സ്റ്റോക്കിലെടുത്തിട്ടുണ്ട് |
| B-2019-20/8 തീയതി 20.07.2019 | 97105/- | 28 | 2019-20ൽ സ്റ്റോക്കിലെടുത്തിട്ടുണ്ട് |
| C-131/14.02.2019 | 72828/- | 21 | 2019-20ൽ സ്റ്റോക്കിലെടുത്തിട്ടുണ്ട് |

സ്റ്റോക്ക് രജിസ്റ്റർ പ്രകാരം പേജ് 3 പ്രകാരം 2019-20 ൽ പട്ടികജാതി വിഭാഗക്കാർക്ക് 65 കട്ടിലുകൾ ലഭിച്ചിട്ടുണ്ട്. എന്നാൽ 16 കട്ടിലുകൾ വാങ്ങിയതിന്റെ ഇൻവോയ്സ്/ ബിൽ ഹാജരാക്കിയിട്ടില്ല.

കൂടാതെ ഇൻവോയ്സ് നമ്പർ B-2019/20/12 തീയതി 27.10.2019 പ്രകാരം രാജധാനി ഏജൻസീസ് എന്ന സ്ഥാപനത്തിൽ നിന്ന് 50 കട്ടിലുകൾ 2914/-രൂപ നിരക്കിൽ (145715/- + CGST-13114/- + SGST-13114/- = 173401/-) വാങ്ങിയിട്ടുണ്ട്. ആയതിൽ ജനറൽ വിഭാഗത്തിന് നല്കിയ 23 കട്ടിലുകളുടെ വിവരം മാത്രമാണ് സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടുള്ളത് (പേജ് നമ്പർ 5). എസ്.സി വിഭാഗത്തിന് നൽകിയ 27കട്ടിലുകളുടെ എണ്ണം സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല.

(ഓഡിറ്റ് എൻക്വയറി 10/03.03.2021)

സാധനങ്ങളും സേവനങ്ങളും ലഭ്യമാക്കുമ്പോൾ ആയതുസംബന്ധിച്ച മാർഗ്ഗരേഖയിലെയും സ്റ്റോർ പർച്ചേസ് മാന്വലിലെയും കേരള ഫിനാൻഷ്യൽ കോഡിലെയും നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. സ്റ്റോറുകൾ കൈപ്പറ്റാൻ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ ആയവ പരിശോധിച്ച് സ്പെസിഫിക്കേഷൻ പ്രകാരമുള്ളതും കേടുപാടുകൾ കൂടാതെ ലഭിച്ചതിന്റെയും വിവരം സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതും സ്റ്റോക്കിൽ ചേർക്കേണ്ടതുമാണ്. കൂടാതെ വിതരണം ചെയ്യുന്ന സമയത്തു തന്നെ വിതരണ വിവരം സ്റ്റോക്കിൽ ചേർക്കേണ്ടതാണ്.

## 1-21 ഇ.എം.ഡി ഇനത്തിൽ ലഭിച്ച ഡിമാന്റ് ഡ്രാഫ്റ്റുകൾ ഫയലിൽ സൂക്ഷിക്കുന്നു.

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ പ്രോജക്ട് ഫയലുകളിൽ ഇ.എം.ഡി ഇനത്തിൽ ലഭിച്ച ഡിമാന്റ് ഡ്രാഫ്റ്റുകൾ

ഫയലിൽ സൂക്ഷിക്കുന്നതായി കണ്ടു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ | സ്ഥാപനം | തുക | ഡി.ഡി. നമ്പർ / തീയതി |
|---|---|---|---|
| 198/19-20 | ഇൻവൈറ്റ് ഇന്റീരിയേഴ്സ് | 6750/- | 521934/തീയതി ഇല്ല |
| | M/S വെക്കോ ട്രേഡിംഗ് | 6750/- | 503271/26.10.2018 |
| 20/19-20 | M/S ഡ്രീം ഇന്ത്യ സ്കൂൾ എയ്ഡ് | 6250/- | 0825177/25.10.2019 |
| | എസ് & എസ് എക്യുപ്മെന്റ്സ് | 2500 | R13775/25.10.2019 |

(ഓഡിറ്റ് എൻക്വയറി 10/03.03.2021)

ഫിക്സഡ് ഡെപ്പോസിറ്റ് രശീതികളുടെ വിവരം രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുകയും എഫ്.ഡി. പബ്ലിക്ക് അക്കൗണ്ടിനു കീഴിലുള്ള സിവിൽ ഡെപ്പോസിറ്റ് 8443-സിവിൽ ഡെപ്പോസിറ്റ്-00-103- സെക്യൂരിറ്റി ഡെപ്പോസിറ്റ് (റസീപ്റ്റ്സ്) എന്ന കണക്കിനത്തിൽ ട്രഷറി വഴി നിക്ഷേപിക്കുകയും തിരിച്ചുനൽകുന്ന സമയത്ത് പ്രസ്തുത കണക്കിനത്തിൽ തന്നെ തുല്യ തുക തിരിച്ചുനല്കുകയും ചെയ്യേണ്ടതാണ്.

## 1-22 എല്ലാ അങ്കണവാടികൾക്കും കെട്ടിടങ്ങളും മറ്റ് ഭൗതികസാഹചര്യങ്ങളും ഉറപ്പു വരുത്തേണ്ടതാണ്.

ഗ്രാമപഞ്ചായത്തിലെ അങ്കണവാടികൾ സംബന്ധിച്ച വിശദാംശങ്ങൾ താഴെച്ചേർക്കുന്നു.

| | |
|---|---|
| ആകെ അങ്കണവാടികൾ | 36 |
| സ്വന്തമായി സ്ഥലം ഇല്ലാത്തവ | 1 (നം. 103) |
| സ്വന്തമായി കെട്ടിടം ഇല്ലാത്തവ | 3(103,122,130) |
| മാലിന്യ സംസ്കരണ സംവിധാനമില്ലാത്തവ | 35 |
| ചുറ്റുമതിൽ ഇല്ലാത്തവ | 6 |
| മെയിൻറൻസ് ആവശ്യമുള്ളവ | 15 |
| ബേബി ഫ്രണ്ട്‌ലി സൗകര്യമുള്ളവ | 4 |
| 2019-20 വർഷത്തിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിച്ചവ | 0 |

(ഓഡിറ്റ് എൻക്വയറി നം.8/ 03.03.2021)

അങ്കണവാടികൾക്ക് സ്ഥലം, കെട്ടിടം, ചുറ്റുമതിൽ, മാലിന്യ സംസ്കരണ സംവിധാനങ്ങൾ, മറ്റ് ഭൗതികസാഹചര്യങ്ങൾ മുതലായവ പ്രദാനം ചെയ്ത് ബാലസൗഹൃദ അങ്കണവാടികൾ യാഥാർത്ഥ്യമാക്കുന്നതിനു വേണ്ടി ഭരണസമിതിയും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളും ശ്രദ്ധ ചെലുത്തേണ്ടതാണ്.

ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിന്റെ മിനിറ്റ്സ് പരിശോധിച്ചതിൽ മേൽപ്പറഞ്ഞ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നത് സംബന്ധിച്ച് ശുപാർശകളും നിർദ്ദേശങ്ങളും മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ടി വിഷയങ്ങളിലെ പുരോഗതി സംബന്ധിച്ച് ചർച്ച നടത്തിയതായി കാണുന്നില്ല. കൂടാതെ സാമൂഹ്യനീതിയുമായി ബന്ധപ്പെട്ട പദ്ധതികളുടെ പുരോഗതിയും മോണിറ്ററിംഗ് നടത്തിയതായി കാണുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകൾ അതാത് വിഷയങ്ങളുമായി ബന്ധപ്പെട്ട് പുരോഗതിയും മോണിറ്ററിംഗും നടത്തേണ്ടതാണ്.

## 1-23 പെയിൻ & പാലിയേറ്റീവ് - മരുന്ന് ലഭ്യമാക്കുന്നതിൽ കാലതാമസം

പ്രോജക്ട് – പെയിൻ & പാലിയേറ്റീവ് (S0026/20)

നിർവ്വഹണം – മെഡിക്കൽ ഓഫീസർ,പി.എച്ച്.സി -പടിഞ്ഞാറെ വെമ്പല്ലൂർ

മേൽ പദ്ധതിയ്ക്കായി മരുന്ന് ലഭ്യമാക്കുന്നതിന് വൗച്ചർ നം.21900982/04.12.2019 പ്രകാരം 100000/-രൂപയും വൗച്ചർ നം.21900981/04.12.2019 പ്രകാരം 200000/-രൂപയും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്.എന്നാൽ നാളിതുവരെ 187741/-രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളു. ബാക്കി തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമാക്കുന്നതിന് തുടർ നടപടികൾ സ്വീകരിച്ചു കാണുന്നില്ല.പെയിൻ & പാലിയേറ്റീവ് രോഗികൾക്ക് സമയബന്ധിതമായി മരുന്നു ലഭ്യമാക്കുന്നതിൽ കാലതാമസം വരുന്നത് പദ്ധതി ലക്ഷ്യം കാണുന്നതിന് തടസ്സമാകും. അതിനാൽ മരുന്ന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-24 വെറ്റിനറി സർജൻ നടപ്പിലാക്കിയ താഴെ പറയുന്ന പദ്ധതികളുടെ ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല. 18,30,000/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

വെറ്റിനറി സർജൻ നടപ്പിലാക്കിയ താഴെ പറയുന്ന പദ്ധതികളുടെ ചെലവ് വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ് .

| പദ്ധതി നം. | പേര് | ലഭ്യമാക്കേണ്ട വിവരം | ബിൽ നമ്പർ / തീയതി / തുക |
|---|---|---|---|
| S0060/20 | കറവപശു വിതരണം (ജനറൽ) | Breeders Goat Farm, SN Puram എന്ന സ്ഥാപനത്തിൽ നിന്നുമാണ് വിതരണം ചെയ്തിരിക്കുന്നത്. എന്നാൽ സ്ഥാപനം പശുക്കളെ വിതരണം ചെയ്തതിന്റെ ബില്ലുകൾ, ഇൻഷ്വറൻസ് എടുത്തതിന്റെ വിവരങ്ങൾ, Tag നമ്പർ നൽകിയതിന്റെ വിവരങ്ങൾ ഗുണനിലവാരം പരിശോധിച്ചതിന്റെ സാക്ഷ്യപത്രം എന്നിവ ഫയലിൽ ലഭ്യമല്ല. കൂടാതെ കന്നുകാലികളെ കൈപ്പറ്റിയതിന്റെ രസീതുകളിൽ കിട്ടിയതിന്റെ വിവരം ചേർക്കാതെ ഗുണഭോക്താക്കൾ ഒപ്പിടുക മാത്രമാണ് ചെയ്തിരിക്കുന്നത്. | GP.5/19-20/ 28.10.2019 5,00,000/- രൂ. |

| പദ്ധതി നം. | പേര് | ലഭ്യമാക്കേണ്ട വിവരം | ബിൽ നമ്പർ / തീയതി / തുക |
|---|---|---|---|

| പദ്ധതി നം. | പേര് | ലഭ്യമാക്കേണ്ട വിവരം | ബിൽ നമ്പർ / തീയതി / തുക |
|---|---|---|---|
| S0064/20 | കറവപശു വിതരണം(SCവനിത) | Breeders Goat Farm,SN Puram എന്ന സ്ഥാപനത്തിൽ നിന്നുമാണ് വിതരണം ചെയ്തിരിക്കുന്നത്. എന്നാൽ സ്ഥാപനം പശുക്കളെ വിതരണം ചെയ്തതിന്റെ ബില്ലുകൾ, ഇൻഷ്വറൻസ് എടുത്തതിന്റെ വിവരങ്ങൾ, Tag നമ്പർ നൽകിയതിന്റെ വിവരങ്ങൾ ഗുണനിലവാരം പരിശോധിച്ചതിന്റെ സാക്ഷ്യപത്രം എന്നിവ ഫയലിൽ ലഭ്യമല്ല. കൂടാതെ കന്നുകാലികളെ കൈപ്പറ്റിയതിന്റെ രസീതുകളിൽ കിട്ടിയതിന്റെ വിവരം ചേർക്കാതെ ഗുണഭോക്താക്കൾ ഒപ്പിടുക മാത്രമാണ് ചെയ്തിരിക്കുന്നത്. | GP.6/19-20/ 28.10.2019 175000/- രൂ. GP.12/19-20/ 13.03.2020 70000/- രൂ. |

| പദ്ധതി നം. | പേര് | ലഭ്യമാക്കേണ്ട വിവരം | ബിൽ നമ്പർ / തീയതി / തുക |
|---|---|---|---|
| | | | |

| പദ്ധതി നം. | പേര് | ലഭ്യമാക്കേണ്ട വിവരം | ബിൽ നമ്പർ / തീയതി / തുക |
| --- | --- | --- | --- |
| S0063/20 | പോത്തിൻകുട്ടി വളർത്തൽ(SCവനിത) | Breeders Goat Farm, SN Puram എന്ന സ്ഥാപനത്തിൽ നിന്നമാണ് വിതരണം ചെയ്തിരിക്കുന്നത്. എന്നാൽ സ്ഥാപനം പശുക്കളെ വിതരണം ചെയ്തതിന്റെ ബില്ലുകൾ, ഇൻഷൂറൻസ് എടുത്തതിന്റെ വിവരങ്ങൾ, Tag നമ്പർ നൽകിയതിന്റെ വിവരങ്ങൾ ഗുണനിലവാരം പരിശോധിച്ചതിന്റെ സാക്ഷ്യപത്രം എന്നിവ ഫയലിൽ ലഭ്യമല്ല. കൂടാതെ കന്നുകാലികളെ കൈപ്പറ്റിയതിന്റെ രസീതുകളിൽ കിട്ടിയതിന്റെ വിവരം ചേർക്കാതെ ഗുണഭോക്താക്കൾ ഒപ്പിടുക മാത്രമാണ് ചെയ്തിരിക്കുന്നത്. | 1) GP.4/19-20/ 28.10.2019 2,25,000/- രൂ.<br>2) GP.10/19-20/ 13.03.2020 3,00,000/- രൂ.<br>3) ചെക്ക് നമ്പർ SB/XY No.5893832/ 16.11.2019 65,000/- രൂ. (ഗുണഭോക്തൃവിഹിതം) |

| പദ്ധതി നം. | പേര് | ലഭ്യമാക്കേണ്ട വിവരം | ബിൽ നമ്പർ / തീയതി / തുക |
| --- | --- | --- | --- |
| | | | |

| പദ്ധതി നം. | പേര് | ലഭ്യമാക്കേണ്ട വിവരം | ബിൽ നമ്പർ / തീയതി / തുക |
|---|---|---|---|
| S0058/20 | പോത്തിൻകുട്ടി വളർത്തൽ (ജനറൽ വനിത) | Breeders Goat Farm, SN Puram എന്ന സ്ഥാപനത്തിൽ നിന്നുമാണ് വിതരണം ചെയ്തിരിക്കുന്നത്. എന്നാൽ സ്ഥാപനം പശുക്കളെ വിതരണം ചെയ്തതിന്റെ ബില്ലുകൾ, ഇൻഷൂറൻസ് എടുത്തതിന്റെ വിവരങ്ങൾ, Tag നമ്പർ നൽകിയതിന്റെ വിവരങ്ങൾ ഗുണനിലവാരം പരിശോധിച്ചതിന്റെ സാക്ഷ്യപത്രം എന്നിവ ഫയലിൽ ലഭ്യമല്ല. കൂടാതെ കന്നുകാലികളെ കൈപ്പറ്റിയതിന്റെ രസീതുകളിൽ കിട്ടിയതിന്റെ വിവരം ചേർക്കാതെ ഗുണഭോക്താക്കൾ ഒപ്പിടുക മാത്രമാണ് ചെയ്തിരിക്കുന്നത്. | 1)GP.3/19-20/ 28.10.2019 2,50,000/- രൂ.<br>2) ചെക്ക് നമ്പർ SB/XY No.5893831/ 16.11.2019 2,45,000/- രൂ. |

പദ്ധതികളുമായി ബന്ധപ്പെട്ട എല്ലാ ചെലവ് രേഖകളും ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. രേഖകൾ ഹാജരാക്കുന്നില്ലായെങ്കിൽ ചെലവഴിച്ച തുക നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-25 ചെലവ് രേഖകൾ ലഭ്യമാക്കിയിട്ടില്ല. 2,50,000/- രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെപ്പറയുന്ന പദ്ധതിയുടെ ചെലവുരേഖകൾ ഹാജരാക്കേണ്ടതാണ്.

| പദ്ധതി നം. | പേര് | ലഭ്യമാക്കേണ്ട വിവരം | ബിൽ നമ്പർ / തീയതി / തുക |
|---|---|---|---|
| S0190/20 | കാലിതൊഴുത്ത് നവീകരണം(ജനറൽ) | പദ്ധതി ചെലവ് രേഖകൾ ലഭ്യമല്ല. | സാംഖ്യയിൽ ചെലവു രേഖപ്പെടുത്തിയിട്ടുണ്ട്. |

ബിൽ നം GP02/19-20/27.08.2019 പ്രകാരം 250000/-രൂപ പിൻവലിച്ചിട്ടുണ്ട്. ഇതിന്റ ചെലവ് രേഖകളും ലഭ്യമാക്കേണ്ടതാണ് . രേഖകൾ ഹാജരാക്കുന്നില്ലായെങ്കിൽ ചെലവഴിച്ച തുക നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-26 കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലേയ്ക്കും പഞ്ചായത്ത് ഓഫീസിലേയ്ക്കും കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ - രേഖകൾ ലഭ്യമല്ല. 44178/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതിയുടെ താഴെപ്പറയുന്ന രേഖകൾ ഹാജരാക്കേണ്ടതാണ്.

| പദ്ധതി നം. | പേര് | ലഭ്യമാക്കേണ്ട വിവരം | ചെക്ക് നമ്പർ / തീയതി / തുക |
|---|---|---|---|
| S0041/20 | കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലേയ്ക്കും പഞ്ചായത്ത് ഓഫീസിലേയ്ക്കും കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ | 3 മൾട്ടി ഫങ്ഷൻ പ്രിന്ററുകൾ വാങ്ങുന്നതിനായി കെൽട്രോണിന് തുക കൈമാറിയിട്ടുണ്ടെങ്കിലും ആയത് ലഭ്യമായതിന്റെയും സ്റ്റോക്കിലെടുത്തതിന്റെയും വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. | 5893843 / 12.12.2019 44178/- രൂ |

പദ്ധതിയുമായി ബന്ധപ്പെട്ട രേഖകൾ ഓഡിറ്റിനു ഹാജരാക്കേണ്ടതാണ്. രേഖകൾ ഹാജരാക്കുന്നില്ലായെങ്കിൽ ചെലവ് തുക നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-27 സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്ടുകളിൽ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

താഴെ ചേർക്കും പ്രകാരം വിവിധ ഏജൻസികൾക്ക് വിവിധ പദ്ധതികൾ നടപ്പാക്കുന്നതിന്റെ ഭാഗമായി തുക കൈമാറിയിട്ടുണ്ട്. എന്നാൽ തുക വിനിയോഗിച്ചതിന്റെ വിവരങ്ങൾ ഇനിയും ലഭ്യമായിട്ടില്ല. വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

| ക്രമ നമ്പർ | പ്രോജക്ടിന്റെ പേര് | ബിൽ നമ്പർ/ തിയ്യതി | വൗച്ചർ നമ്പർ/ തിയ്യതി | ആകെ തുക | കൈമാറിയ ഏജൻസി |
|---|---|---|---|---|---|
| 1 | S0216/20,വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ നീട്ടൽ | 41/19-20/12.03.2020 | | 245000 | കേരള വാട്ടർ അതോറിറ്റി, ഇരിങ്ങാലക്കട ഡിവിഷൻ |
| 2 | S0074/20, 114-ാം നമ്പർ അംഗൻവാടിയ്ക്ക് കുടിവെള്ള കണക്ഷൻ | 43/19-20/16.03.2020 (80000/-) | 21901473/17.03.2020 (10000/-) | 90000/- | കേരള വാട്ടർ അതോറിറ്റി, ഇരിങ്ങാലക്കട ഡിവിഷൻ |

## 1-27-1: സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്ടുകളിൽ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

ഇലക്ട്രിസിറ്റി ബോർഡിന് കൈമാറിയ തുകകൾ ഡെപ്പോസിറ്റ് വർക്ക് ആയതിനാൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് മാത്രം ചെലവിന് അനുസരിച്ച് റവന്യു, ആസ്തി ശീർഷകങ്ങളിലായി മാറ്റേണ്ടതിനു പകരം തുക ഏജൻസിക്ക് നൽകിയപ്പോൾ തന്നെ 252100101 എന്ന ശീർഷകത്തിൽ ബുക്ക് ചെയ്തതിനാൽ ഈ തുകകൾ ക്രമീകരിക്കപ്പെടുന്നതിനനുസരിച്ച് ബാലൻസ്ഷീറ്റിൽ ചേർക്കപ്പെടാതിരിക്കുന്നതിനും ഈ തുക വിനിയോഗിക്കുന്നത് നിരീക്ഷിക്കുന്നതിന് സാധ്യമാകാതെ വന്നു. മാത്രവുമല്ല പദ്ധതി തുക യഥാർത്ഥത്തിൽ ചെലവാകുന്നതിന് മുമ്പ് തന്നെ മുകളിൽ പറഞ്ഞ ശീർഷകത്തിൽ ബുക്ക് ചെയ്തതിനാൽ സ്ഥാപനത്തിന്റെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ ഇല്ലാത്ത ചെലവ് ബുക്ക് ചെയ്യപ്പെടുന്നതിനും സ്ഥാപനത്തിന്റെ മിച്ചം തുക കുറവ് രേഖപ്പെടുത്തുന്നതിനും കാരണമായി. ആയതിനാൽ പണി പൂർത്തീകരിക്കുന്നത് നിരീക്ഷിക്കുന്നതിന് നിലവിൽ 460500202 എന്ന ശീർഷകത്തിൽ ഡെബിറ്റ് നൽകിയും അനുയോജ്യമായ പ്രയർ പിരീഡ് ഐറ്റംസ് എന്ന ശീർഷകത്തിൽ ക്രെഡിറ്റ് നൽകിയും തുക ഈ സാമ്പത്തിക വർഷത്തെ വാർഷിക കണക്കിൽ ഉൾപ്പെടുത്തേണ്ടതാണ്. വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്ന മുറയ്ക്ക് ഈ തുകകൾ ക്രമീകരിക്കേണ്ടതുമാണ്.

| ക്രമ നമ്പർ | പ്രോജക്ടിന്റെ പേര് | ബിൽ നമ്പർ/തിയ്യതി | വൗച്ചർ നമ്പർ/ തിയ്യതി | ആകെ തുക | കൈമാറിയ ഏജൻസി |
|---|---|---|---|---|---|
| 1 | S0066/20, സ്ട്രീറ്റ്മെയിൻ ലൈൻ എക്സ്റ്റൻഷൻ | 1.38/19-20/27.02.20,399114/- 2.39/19-20/27.02.20,396726/- | 21901204/24.01.2020, 100000/- | 1295840/- | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, |

| | | | | | |
|---|---|---|---|---|---|
| | | 3.40/19-20/27.02.20,400000/- | | | മതിലകം സെക്ഷൻ |

1-27-2: സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്ടുകളിൽ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

| ക്രമ നമ്പർ | പ്രോജക്ടിന്റെ പേര് | ബിൽ നമ്പർ/ തിയ്യതി | ചെക്ക് നമ്പർ/ തിയ്യതി | തുക | കൈമാറിയ ഏജൻസി |
|---|---|---|---|---|---|
| 1 | S0293/20,നെറ്റ് വർക്ക് | | 2808729/27.03.20 | 85000/- | കേരള പബ്ലിക്ക് വർക്ക് ഡിപ്പാർട്ട്മെന്റ് ഇലക്ട്രിക്കൽ സെക്ഷൻ, തൃശൂർ |

1-27-3: സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്ടുകളിൽ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

| ക്രമ നമ്പർ | പ്രോജക്ടിന്റെ പേര് | ബിൽ നമ്പർ/ തിയ്യതി | വൗച്ചർ നമ്പർ/ തിയ്യതി | തുക | കൈമാറിയ ഏജൻസി |
|---|---|---|---|---|---|
| 1 | S0213/20,എ.ബി.സി പ്രോഗ്രാം തുക കൈമാറൽ | 18/19-20/26.09.2019 | | 210000/- | കുടുംബശ്രീ ജില്ലാ കോ-ഓാഡിനേറ്റർ, തൃശ്ശൂർ |
| 2 | S0067/20, ക്യാൻ തൃശ്ശൂർ. ക്യാൻസർ നിർണയ ക്യാമ്പുകൾ. | 17/19-20/26.09.2019 | | 80000/- | ജില്ലാ പഞ്ചായത്ത്, തൃശ്ശൂർ |
| 3 | S0001/20, ഐ.കെ.എം.ന് വിഹിതം കൈമാറൽ | 04/19-20/10.07.2019 | | 116053/- | ഐ.കെ.എം. |

## 1-28 കന്നുകുട്ടിപരിപാലന പദ്ധതി

വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതി നം.S0057/2020 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി പ്രകാരം എസ് എൽ ബി പി ഡയറക്ടർക്ക് 500000/- രൂപ ബിൽ നം.GP08/19-20/14.11.2019 പ്രകാരം കൈമാറിയിട്ടുണ്ട്. പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

## 1-29 സർക്കാർ നിർദ്ദേശങ്ങൾ പാലിച്ച് ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്

**പഞ്ചായത്തിൽ സൂക്ഷിക്കുന്ന ആസ്തി രജിസ്റ്റർ കാലികമല്ല.തൻവർഷം ആർജ്ജിച്ച ആസ്തികളുടെ മൂല്യം ചേർക്കാത്തതിനാൽ ബാലൻസ് ഷീറ്റിൽ ചേർത്ത അസറ്റുകളുടെ മൂല്യത്തിന്റെ കൃത്യത ഉറപ്പ് വരുത്താൻ കഴിഞ്ഞിട്ടില്ല.** ഗ്രാമപഞ്ചായത്തുകളുടെ ആസ്തി പരിപാലനം സംബന്ധിച്ച് നാളിതുവരെ നിരവധി സർക്കാർ ഉത്തരവുകളും സർക്കുലറുകളും പുറത്തിറങ്ങിയിട്ടുണ്ട്. 20.01.2017 ലെ ജി.ഒ (ആർ. ടി) നം. 166/2017/ എൽ.എസ്.ജി.ഡി ഉത്തരവുപ്രകാരം തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ അസറ്റ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിച്ചിട്ടുണ്ട്. 08.11.2018 ൽ പഞ്ചായത്ത് ഡയറക്ടറുടെ സി 2- 15471/18 സർക്കുലറിലെ നിർദ്ദേശാനുസരണം എൽ.എസ്.ജി.ഡി അസി.എഞ്ചിനീയർ കൺവീനറും പ്രസിഡന്റ്/ വികസന സ്റ്റാൻഡിംഗ് കമ്മിറ്റി അദ്ധ്യക്ഷനുമായി ഒരു ആസ്തി പരിപാലന കമ്മറ്റി രൂപീകരിച്ച് പ്രവർത്തിക്കുന്നുണ്ടെങ്കിൽ ആയതിന്റെ മിനിറ്റ്സ് പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ടുനൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.14/4.3.2021) ശ്രദ്ധിക്കുന്നതാണെന്ന മറുപടിയാണ് ലഭ്യമാക്കിയത്.

## 1-30 അസിസ്റ്റന്റ് എഞ്ചിനീയറുടെ പ്രൊജക്ടുകൾ - പൊതു അപാകതകൾ

1. 2019-20 വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 105 പദ്ധതികൾ തയ്യാറാക്കിയെങ്കിലും 29 പ്രൊജക്റ്റുകൾ മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്. വിഭാവനം ചെയ്ത പദ്ധതികളിൽ 72ശതമാനവും ഓഡിറ്റ് വർഷം നടപ്പാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| ആകെ പദ്ധതി | 105 | ആകെ അടങ്കൽ | 53021475 |
| നടപ്പിലാക്കിയത് | 29 | ചെലവ് | 11616521 |
| ശതമാനം | 27.62 | ചെലവ് ശതമാനം | 21.91 |

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്റ്റുകളിൽ 30 എണ്ണം സ്പിൽ ഓവർ പ്രൊജക്റ്റുകളായിരുന്നു. എന്നാൽ അവയിൽ 7 പ്രൊജക്റ്റുകൾ ഒഴികെ ബാക്കിയെല്ലാം തൻവർഷം തന്നെ പൂർത്തീകരിച്ചു.

2. സമയബന്ധിതമായി പദ്ധതികൾ നടപ്പാക്കുന്നതിനും പദ്ധതികളുടെ ഫലപ്രാപ്തി ഉറപ്പാക്കുന്നതിനും മോണിറ്ററിംഗ് സംവിധാനം കാര്യക്ഷമമല്ല.

പ്രൊജക്റ്റ് നിർവ്വഹണം ആദ്യാവസാനം വരെ വിഭാവനം ചെയ്ത തരത്തിൽ തന്നെയാണ് നടക്കുന്നതെന്ന് പ്രവൃത്തിയുടെ വിവിധ ഘട്ടങ്ങളിൽ പരിശോധന നടത്തി വിലയിരുത്തുകയും പദ്ധതികളുടെ ഫലപ്രാപ്തി ഉറപ്പാക്കുകയും ചെയ്യേണ്ടത് മോണിറ്ററിംഗ് കമ്മിറ്റികളുടെ ചുമതലയാണ് . പദ്ധതി രൂപീകരണ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതാണ്. ഓരോ വർക്കിംഗ് ഗ്രൂപ്പും ബന്ധപ്പെട്ട ഓരോ പ്രൊജക്റ്റുകളും പ്രത്യേകം മോണിറ്ററിംഗ് നടത്തി റിപ്പോർട്ട് തയ്യാറാക്കി നിർവ്വഹണോദ്യോഗസ്ഥനും ഭരണ സമിതിക്കും നൽകേണ്ടതുണ്ട്. എന്നാൽ മരാമത്ത് പ്രവർത്തികളുടെ മോണിറ്ററിംഗ് ഇപ്രകാരം നടത്തി റിപ്പോർട്ട് തയ്യാറാക്കി ഫയലിൽ സൂക്ഷിച്ചിട്ടില്ല.

3. നിർവ്വഹണോദ്യോഗസ്ഥൻ പ്രൊജക്റ്റ് പൂർത്തീകരണ പത്രം തയ്യാറാക്കിയിട്ടില്ല.

പ്രൊജക്റ്റിന്റെ ഭൗതിക ലക്ഷ്യങ്ങളും കൈവരിച്ച നേട്ടങ്ങളും ഉൾപ്പെടുത്തി നിർവ്വഹണോദ്യോഗസ്ഥൻ പൂർത്തീകരണ പത്രം തയ്യാറാക്കണമെന്ന മാർഗ്ഗരേഖയിലെ നിർദ്ദേശം പൂർണ്ണമായി പാലിക്കപ്പെട്ടിട്ടില്ല.വിശദാംശങ്ങൾ രേഖപ്പെടുത്താതെ പ്രിന്റൗട്ട് എടുത്ത് ഫയലിൽ ഉൾപ്പെടുത്തുകയാണ് ചെയ്തിരിക്കുന്നത്.

4. റോഡ് കണക്റ്റിവിറ്റി പ്ലാൻ തയ്യാറാക്കാതെ റോഡ് പ്രവൃത്തികൾ ഏറ്റെടുക്കുന്നു.

റോഡുകളുടെ പുനരുദ്ധാരണം, ടാറിംഗ്, റീടാറിംഗ് പ്രവൃത്തികൾ ഏറ്റെടുക്കുമ്പോൾ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയ റോഡിന്റെ വിശദാംശം, യുനീക്ക് നമ്പർ ഉൾപ്പെടെയുള്ള കാര്യങ്ങൾ പ്രോജക്റ്റ് ഫോറത്തിലും, എസ്റ്റിമേറ്റ് റിപ്പോർട്ടിലും രേഖപ്പെടുത്താൻ നിർദ്ദേശമുള്ളതാണ്. ആസ്തി രജിസ്റ്ററിന്റെ അപ്ഡേറ്റിംഗ് നടക്കാത്ത സാഹചര്യത്തിൽ ഇത്തരം നിർദ്ദേശങ്ങൾ പ്രയോഗതലത്തിൽ വരുത്താനായില്ല.

തദ്ദേശ ഭരണ സ്ഥാപനങ്ങൾ അവയുടെ അധികാര പരിധിയിൽ വരുന്ന റോഡുകൾ ഹൈവേയോടും മേജർ ജില്ലാ റോഡുകളുമായും ബന്ധിപ്പിക്കുന്നതും ഏറ്റവും ചെറിയ ജനവാസ കേന്ദ്രങ്ങളിൽ വരെ എത്തിച്ചേരുന്നതുമായ എല്ലാ റോഡുകളുടേയും ഒരു കണക്റ്റിവിറ്റി പ്ലാൻ (ശൃംഖല) തയ്യാറാക്കാൻ പതിനൊന്നാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖകളിൽ നിർദ്ദേശമുള്ളതാണ്. ഏതൊരു റോഡ് നിർമ്മാണ പ്രോജക്റ്റിനോടൊപ്പവും റോഡ് കണക്റ്റിവിറ്റി മാപ്പിൽ പ്രൊജക്റ്റിലൂടെ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്നും പദ്ധതി മാർഗ്ഗരേഖയിൽ സർക്കാർ വ്യക്തമാക്കിയിട്ടുള്ളതാണ്. ഈ കണക്റ്റിവിറ്റി പ്ലാനിൽ നിലവിലുള്ള റോഡുകളുടെ വിപുലീകരണവും അറ്റകുറ്റപണിയും പുതിയ റോഡുകളുടെ നിർമ്മാണം സംബന്ധിച്ചുള്ള ഘടകവും ഉൾക്കൊള്ളിക്കേണ്ടതാണ്. ഇപ്രകാരം തയ്യാറാക്കിയ മാസ്റ്റർ പ്ലാനിനെ ആധാരമാക്കി മുൻഗണനാക്രമം നിശ്ചയിച്ച് വേണം തദ്ദേശ ഭരണ സ്ഥാപനങ്ങൾ പ്രവൃത്തികൾ ഏറ്റെടുക്കേണ്ടത്. കണക്റ്റിവിറ്റി പ്ലാനിന്റെ അഭാവത്തിൽ ഗ്രാമ പഞ്ചായത്തിൽ റോഡ് പ്രവൃത്തികളുടെ മുൻഗണനാക്രമം നിശ്ചയിച്ചിരുന്നത് എന്തടിസ്ഥാനത്തിലായിരുന്നു എന്ന് വ്യക്തമല്ല. എഞ്ചിനീയറിംഗ് സ്ഥാപനമേധാവികൾ കണക്റ്റിവിറ്റി പ്ലാനിന്റെ ആവശ്യകത തദ്ദേശ ഭരണ സ്ഥാപനങ്ങളെ ബോദ്ധ്യപ്പെടുത്താനും അതിനുള്ള പ്രോജക്റ്റ് നിർബന്ധമായും ഏറ്റെടുക്കാനുമുള്ള ചീഫ് എഞ്ചിനീയറുടെ 24.09.2014 ലെ DB2/8510/14 ലെ സർക്കുലറിലെ നിർദ്ദേശം നടപ്പിലാക്കേണ്ടതാണ്.

5. തൻവർഷം ആർജ്ജിച്ച എല്ലാ ആസ്തികളെയും ഉൾപ്പെടുത്തി ആസ്തി റജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.അസ്സറ്റ് രജിസ്റ്ററിൽ മൂല്യം ചേർക്കാത്തതിനാൽ ബാലൻസ് ഷീറ്റിൽ ചേർത്ത അസറ്റുകളുടെ മൂല്യത്തിന്റെ കൃത്യത ഉറപ്പ് വരുത്താൻ കഴിഞ്ഞിട്ടില്ല.

6.എഗ്രിമെന്റ് റജിസ്റ്ററിൽ പ്രവൃത്തികൾ കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തിയതി രേഖപ്പെടുത്തുന്നില്ല. ടെണ്ടറുകളിൽ കരാറുകാർ ക്വാട്ട് ചെയ്യുന്ന നിരക്ക് അക്ഷരത്തിൽ രേഖപ്പെടുത്തുന്നില്ല. എഗ്രിമെന്റിലും പ്രവർത്തി പൂർത്തീകരിക്കേണ്ട തീയതി രേഖപ്പെടുത്തുന്നില്ല.

7.സെലക്ഷൻ നോട്ടീസിൽ നമ്പരും, അയയ്ക്കുന്ന തീയതിയും രേഖപ്പെടുത്തുന്നില്ല.കരാറുകാരൻ സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയതായി ഒപ്പ് രേഖപ്പെടുത്തിയിട്ടുള്ളവയിൽ കൈപ്പറ്റിയ തീയതി രേഖപ്പെടുത്തുന്നില്ല. തന്മൂലം സെലക്ഷൻ നോട്ടീസ് കൈപ്പറ്റി നിശ്ചിത തീയതിക്കകം കരാറിൽ ഏർപ്പെടുന്നുണ്ടോ, ആയതിന് വിരുദ്ധമായി പ്രവർത്തിക്കുന്ന കരാറുകാരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കുന്നുണ്ടോ, തുടങ്ങിയ വിവരങ്ങളൊന്നും തന്നെ പരിശോധിച്ചുറപ്പാക്കാൻ കഴിയുന്നില്ല.

8.കരാറുകാരനുമായി ഏർപ്പെടുന്ന കരാറിൽ പിഴ ഈടാക്കുന്നത് സംബന്ധിച്ച്, 2012 ൽ ജി.ഒ.(പി) 13/2012/PWD/01-02-2012 നമ്പർ ഉത്തരവ് പ്രകാരം പുതുക്കിയ കേരള പൊതുമരാമത്ത് വകുപ്പ് മാന്വലിലെ വിവിധ സെക്ഷനുകൾ അനുശാസിക്കും പ്രകാരമുള്ള വ്യവസ്ഥകളല്ല ഉൾപ്പെടുത്തിയിട്ടുള്ളത്.

9.പ്രവൃത്തി പൂർത്തീകരണ കാലയളവ് :പൊതുമരാമത്ത് മാന്വൽ പ്രകാരം മരാമത്തിന്റെ പൂർത്തീകരണ കാലാവധി ശാസ്ത്രീയ മാനദണ്ഡങ്ങൾ ഉപയോഗിച്ച് ശരിയായി വിശകലനം ചെയ്ത് Tender Schedule ൽ വ്യക്തമാക്കണം. കാലാവസ്ഥാ വ്യതിയാനം,

പ്രവൃത്തിയുടെ മൂല്യം, നിർമ്മാണ സാമഗ്രികൾ സംഭരിക്കാനാവശ്യമായ സമയം, വിവിധ ഇനങ്ങൾക്ക് ആവശ്യമായ സമയ ക്രമം (Curing Etc), മറ്റെല്ലാ ഘടകങ്ങളും സമയ പരിധി നിശ്ചയിക്കുന്നതിന് പരിഗണിക്കേണ്ടതാണ്. പൂർത്തീകരണ കാലാവധി സൈറ്റ് കൈമാറുന്ന തിയതി മുതൽക്കാണ് കണക്കാക്കുന്നത് (കേരള പൊതുമരാമത്ത് മാന്വൽ 2012 Section 2005) .എന്നാൽ പല പ്രവൃത്തികളിലും പ്രവൃത്തി പൂർത്തീകരണ കാലയളവ് നിശ്ചയിക്കുന്നതിൽ മേൽ നിർദേശങ്ങൾ പാലിക്കുന്നതായി കാണുന്നില്ല.

10.കാലാവധി ദീർഘീകരണം (Extension Of Time) & പിഴ:പൊതുമരാമത്ത് മാന്വൽ പ്രകാരം കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാൻ കഴിയാതെ വരുകയാണെങ്കിൽ ദീർഘീകരണത്തിനുള്ള അപേക്ഷ കരാറുകാരൻ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന കാലാവധി തീരുന്നതിന് മുമ്പായി നൽകേണ്ടതാണ്. ഇപ്രകാരം അപേക്ഷിക്കുമ്പോൾ പ്രവൃത്തിയുടെ ഒറിജിനൽ സമയത്തിന്റെ 25% ഗ്രേസ്സ് പീരീഡ് ആയി അനുവദിക്കാവുന്നതാണ്.കരാറുകാരന്റെ പിഴവ് മൂലം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ പൊതു മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ, കരാറുകാരൻ നിർവ്വഹണോദ്ധ്യോഗസ്ഥൻ മുഖേന അപേക്ഷ നൽകേണ്ടതും, പ്രസ്തുത അപേക്ഷയിൽ ഭരണ സമിതിയുടെ അനുമതി വാങ്ങി, PAC യുടെ 1% ഫൈൻ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25% വരെ (പരമാവധി ആറ് മാസം, ഏതാണൊ കുറവ് അത്) ഒറ്റത്തവണ ദീർഘിപ്പിച്ചുനൽകാവുന്നതാണ്. തുടർന്നും കാലാവധി ദീർഘിപ്പിക്കുന്ന പക്ഷം 2% പിഴ ഈടാക്കണം. എന്നാൽ, പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണ സമയത്തിന്റെ 50% ത്തിൽ അധികരിക്കാവുന്നതല്ല ഈ കാലാവധിയ്ക്ക് ശേഷവും പൂർത്തീകരിക്കാത്ത പ്രവർത്തി ആധികാരികമല്ല. ഇപ്രകാരമുള്ള പ്രവൃത്തികൾ ക്രമീകരിച്ച ശേഷമേ കരാറുകാരന് തുക നൽകാവൂ. (പൊതുമരാമത്ത് വകുപ്പ് മാന്വൽ-2012 (ജി.ഒ. (പി) 13/2012/PWD/01.02.2012), സെക്ഷൻ 2112 പ്രകാരം)എന്നാൽ പ്രവൃത്തി പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുന്നത് സംബന്ധിച്ച് 2012 PWD മാന്വലിലെ മേൽ നിബന്ധനകൾ അല്ല പഞ്ചായത്തിൽ കരാറിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകുന്നതിന് നടപടിക്രമങ്ങൾ പാലിക്കുന്നതായും കാണുന്നില്ല.

11.പ്രവൃത്തി പൂർത്തീകരണ സമയം കരാറിൽ വ്യക്തമാക്കുന്നില്ല.ടെണ്ടർ ഷെഡ്യൂളിൽ പരാമർശിച്ച അംഗീകരിച്ച പ്രവൃത്തിപൂർത്തീകരണ കാലയളവ് എത്ര എന്നും പ്രവൃത്തി വൈകിയാൽ ഏത് നിരക്കിൽ പിഴ ഈടാക്കും എന്നതും കരാറുകാരുമായുള്ള ഉടമ്പടിയിൽ വ്യക്തമാക്കേണ്ടതാണ്. എന്നാൽ നിലവിൽ കരാറിൽ പ്രവൃത്തി പൂർത്തീകരണ കാലയളവ് എത്രയാണ് എന്ന് വ്യക്തമാക്കുന്നില്ല. കൂടാതെ പിഴ സംബന്ധിച്ച് പുതിയ PWD മാന്വൽ പ്രകാരമുള്ള നിർദേശങ്ങൾ കരാറിൽ ഉൾപ്പെടുത്തിയിട്ടുമില്ല.മേൽ അപാകതകൾ ഭാവിയിൽ പരിഹരിക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണത്തിന്(നം.7/3-3-21) മറുപടി ലഭ്യമാക്കി.

## 1-31 മരാമത്ത് പ്രൊജക്ടുകളുടെ നിർവ്വഹണം.

വിശദമായ സൈറ്റ് പരിശോധന കൂടാതെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നു. തത്ഫലമായി ഭൂരിഭാഗം പ്രവൃത്തികളിലും റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടി വരുന്നു.എക്സ്ട്രാ പ്രവൃത്തികൾ കൂടുതലായി ഉൾച്ചേർത്ത് പ്രവൃത്തി പൂർത്തിയായതിനു ശേഷം മാത്രമാണ് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നത്. തീയതി രേഖപ്പെടുത്തുന്നില്ല. 2012 ലെ പിഡബ്ള്യുഡി മാന്വൽ സെക്ഷൻ 2112 പ്രകാരം, കരാർ ഉറപ്പിക്കും മുൻപ് കരാറുകാരൻ ഒരു പ്രവർത്തനകലണ്ടർ തയ്യാറാക്കി സമർപ്പിക്കേണ്ടതുണ്ട്. ഈ പ്രവർത്തനകലണ്ടർ കരാറിന്റെ ഭാഗമാകുന്നതാണ്. എന്നാൽ ഇപ്രകാരം ഒരു പ്രവർത്തനകലണ്ടർ തയ്യാറാക്കി സമർപ്പിച്ചതായി മരാമത്ത് ഫയലുകളിൽ രേഖയില്ല. പ്രവൃത്തി പൂർത്തീകരണ സമയം എഗ്രിമെൻറിന്റെ കാതലായ ഭാഗമാണ്. കരാറുകാർ സമയപരിധി പാലിക്കുന്നതിൽ വീഴ്ച വരുത്തുന്നതായി കാണുന്നു. പ്രവർത്തിയുടെ കാലാവധി നീട്ടുന്നതിന് പിഴ ഈടാക്കാനുള്ള വ്യവസ്ഥ–കരാറിൽ ചേർത്തിട്ടുള്ളത് പുതുക്കിയ മാന്വൽ വ്യവസ്ഥ പ്രകാരമല്ല.പുതുക്കിയ പിഡബ്ള്യുഡി മാന്വൽ പ്രകാരം പ്രവർത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാതിരുന്നാൽ സ്വീകരിക്കേണ്ട നടപടികളും ഫൈൻ സംബന്ധിച്ച വ്യവസ്ഥകളും സെക്ഷൻ 2112, 2112.1 എന്നിവയിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ മരാമത്ത് പണികളുമായി ബന്ധപ്പെട്ട കരാറിൽ പിഡബ്ള്യുഡി മാന്വൽ പ്രകാരം വ്യവസ്ഥകൾ ഉൾക്കൊള്ളിക്കുന്നതിനു പകരം പരിഷ്കരിച്ച മാന്വൽ പ്രയോഗത്തിൽ വരുന്നതിന് മുൻപേയുള്ള വ്യവസ്ഥകളാണ് ഇപ്പോഴും പിൻതുടരുന്നത്.

## 1-31-1 പ്രൊജക്ട് നം. 165/19:പോഴംകാവ് കുളം സൈഡ് കെട്ടി സംരക്ഷിക്കൽ W3-അപാകതകൾ

തനത് ഫണ്ട് അടങ്കൽ തുക 712800

ചെലവ് 491445

ബിൽ നം./ ചെക്ക് നം.

T.S No. 18388/2018-19/23.5.2018

Agmt.No.44/AE/Lsgd Snp1/18-19 Dt 27.7.18

ടെൻഡർ നോട്ടീസു പ്രകാരം പൂർത്തീകരണ തിയതി 31.3.2019

കോൺട്രാക്ടർ ഇ.ജി സിജിൽകുമാർ

എം.ബുക്ക് നം.332/18-19

പ്രവൃത്തി പൂർത്തികരിച്ച തിയതി 10.3.2020. ഈ പദ്ധതിയുടെ നടത്തിപ്പിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു. 27.7.18 നാരംഭിച്ച പ്രവൃത്തി പൂർത്തിയായത് 10.3.2020 നാണ്. 7,12,800 അടങ്കൽ തുകയുൽ ആരംഭിച്ച പ്രവൃത്തിയുടെ അവസാന മൂല്യം 4,91,445

രൂപയാണ്. T.S ലഭിച്ചതും Detailed Estimate തയ്യാറാക്കിയതും 8,00,000 രൂപയ്ക്കായിരുന്നു. 30.6.18 ലെ 1(2) തീരുമാനപ്രകാരം കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ 7,12,800 രൂപ (Item Rate) അംഗീകരിച്ചു.

07.11.19 ലെ 1(2) തീരുമാനപ്രകാരം എസ്റ്റിമേറ്റ് റിവൈഡ് ചെയ്തതായി കാണുന്നു. അസി. എഞ്ചിനീയറുടെ തിയതി വെക്കാത്ത റിവൈസ്ഡ് എസ്റ്റിമേറ്റ് റിപ്പോർട്ടിൽ 135 മീറ്റർ നീളത്തിനുപകരം 67.83 മീ. നീളമാണ് നിർമ്മാണം മടതേത്യതെന്ന് പറയുന്നു. സൈറ്റിൻറെ അതിരിനെ പറ്റി കേസുള്ളതിനാൽ നീളം കുറച്ചു, സൈറ്റ് കണ്ടീഷൻ പരിശോധിക്കാതെയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയതും ടേണ്ടർ ക്ഷണിച്ചതും.

(I) എം.ബുക്ക് പ്രകാരം പ്രവൃത്തി ആരംഭിച്ചിരിക്കുന്നത് 5.2.2020 നാണ്. എഗ്രിമെൻറ് തിയ്യതി 27.7.18, കാലതാമസത്തിന് കാരണം സൂചിപ്പിക്കുന്ന രേഖകൾ ഫയലിൽ ഇല്ല.

(Ii) 23.42 M3 മണ്ണ് കുഴിച്ചെടുത്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. Pg 26. ആയതിൻറെ വിനിയോഗവിവരം രേഖപ്പെടുത്തിയിച്ചില്ല.

(Iii) റിവൈഡ് എസ്റ്റ്മേറ്റിന് റിവൈസ്ഡ് എഗ്രിമെൻറ് തയ്യാറാക്കിയിട്ടില്ല. ആദ്യ എസ്റ്റിമേറ്റിൽ നിന്നും ഗണ്യമായ വ്യതിയാനം സംഭവിച്ചതിനാൽ റീടെൻഡർ നടത്താമായിരുന്ന ഏറ്റവുമധികം തുക ചെലവായ രണ്ടിനങ്ങളാണ് എക്സ്ട്ര ആയി ചെയ്തിരിക്കുന്നത്. E1,E2, E3 എക്സ്ട്ര ഇനങ്ങളുടെ Data Sheet ലഭ്യമാക്കേണ്ടതാണ്.

(Iv) കരാറുകാരൻ ക്വാട്ട് ചെയ്ത നിരക്കുകൾ തന്നെയാണ് നൽകിയതെങ്കിലും എക്സ്ട്ര ഇനങ്ങൽക്ക് ടെണ്ടർ ആനുകൂല്യം ലഭിച്ചിട്ടില്ല. 1430/M3 നിരക്കിലുള്ള Solid Block Masionry എസ്റ്റിമേറ്റിലും കുറഞ്ഞ അളവിൽ ചെയ്തിട്ടും എക്സ്ട്ര ഇനമായി 5088/M3 നിരക്കിലാണ് ചെയ്തിരിക്കുന്നത്. റിവൈസ്ഡ് എസ്റ്റിമേറ്റിൻറെ ഡാറ്റാ അനാലിസിസ് റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

(V) പോഴങ്കാവ് കുളത്തിന്റെ ആസ്തി, ഭൂമി സംബന്ധിച്ച വിശദാംശം ലഭ്യമാക്കേണ്ടതാണ്.

(Vi ) പ്രവൃത്തിസ്ഥലത്തിന്റെ ഫോട്ടോകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

## 1-31-2 പ്രൊജക്ട് നം. 151/19 105,109,121 എന്നീ അംഗൻവാടികൾ അറ്റകുറ്റപ്പണികൾ- പദ്ധതി അപാകതകൾ

അടങ്കൽ തുക 4,70,000

ചെലവ് 4,28,515

ട്രഷറി ബിൽ നം.ഫ്ര/22.2.2017 ലെ 1(1)(A) നം തീരുമാനപ്രകാരം ശ്രീ. വി.ഡി രാജീവിൻറെ എസ്റ്റിമേറ്റ് റേറ്റിലുള്ള ടെണ്ടർ അംഗീകരിച്ചു.

Agreement No.52/16-17/AE/Lsgd/Snp/6.3.17

8.3.17 ൽ സൈറ്റ് ഹാൻറോവർ നടത്തിയ പ്രവൃത്തിയുടെ അവസാന അളവ് രേഖപ്പെടുത്തിയിരിക്കുന്നത് 12.7.19 നാണ്

MB.No.242/17/18 Pg.No.11

M.B. No. 306/18-19

എഗ്രിമെൻറ് കാലാവധി 6 മാസമായിരുന്നു.ആയത് 7.9.2017 ന് അവസാനിച്ചു. ടി തിയ്യതിവരെയും പ്രവൃത്തി ആരംഭിച്ചിരുന്നില്ല എന്ന് ഫ.യലിൽ ചേർത്തിട്ടുള്ള 22.9.2017 ലെ 75/2016/AE/LSGD/SNP കത്തിൽപണി ആരംഭിച്ചില്ലെങ്കിൽ എഗ്രിമെൻറ് റദ്ദ് ചെയ്യുമെന്ന് എ.ഇ അറിയിച്ചിട്ടുണ്ടെങ്കിലും 31.03.18 നാണ്. പ്രവൃത്തി ആരംഭിച്ചിരിക്കുന്നത് കാലതാമസത്തിന് 2% പിഴ ഈടാക്കിയിട്ടുണ്ടെങ്കിലും ആയതിനെ സാധൂകരിക്കുന്ന രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

I) റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയതിന് വിശദീകരണമില്ല. റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്. തുടർന്ന് എഗ്രിമെൻറ് പുതുക്കി വെച്ചിട്ടില്ല.

(Ii) 3 അംഗൻവാടികൾ റിപ്പയർ ചെയ്യാനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയതെങ്കിലും നം 105, നം 109 എന്നീ അംഗൻവാടികൾ മാത്രമാണ് അറ്റകുറ്റപ്പണികൾ നടത്തിയത്. Detailed Estimateൽ നിന്നും ഗണ്യമായ മാറ്റം വരുത്തിയാണ് Revised Estimate തയ്യാറാക്കിയത്. 18 എണ്ണം Extra ഇനങ്ങൾ Revised ൽ കാണുന്നു. സൈറ്റ് കണ്ടീഷൻ യഥാവിധി പരിശോധിക്കാതെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നുവെന്ന് ഇതിൽനിന്നും വ്യക്തമാണ്.

മേൽ അപാകകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-32 എസ്.എൻ പുരം മാർക്കറ്റിലെ നിർമ്മാണ പ്രവൃത്തികൾ -സമയബന്ധിതമായി പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാക്കേണ്ടതാണ്.

എസ്.എൻ പുരം മാർക്കറ്റ് കേന്ദ്രീകരിച്ച് സ്പിൽഓവറും പുതിയതുമായി ആവിഷ്കരിച്ച പ്രൊജക്ടുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.നിർവഹണ ഉദ്യോഗസ്ഥൻ: അസി.എഞ്ചിനീയർ

| ക്രമ നം. | പ്രൊജക്ട് നം./ പേര്/അടങ്കൽ തുക | ചെലവ് തുക | റിമാർക്സ് |
|---|---|---|---|
| 1. | 229(So) | 362491 | തനതുഫണ്ട് |

| | | | |
|---|---|---|---|
| | എസ്.എൻ പുരം മാർക്കറ്റിൽ ആധുനിക മത്സ്യ മാംസ വിൽപനകേന്ദ്രം 622015 | | Agreement No. 19/AE/LSGD/16.7.18<br>16.7.18 ന് ആരംഭിച്ച ഒരു വർഷം പൂർത്തികരണകാലാവധിയുള്ള പ്രൊജക്ട് ഓഡിറ്റ് കാലയളവിലും പൂർത്തികരിച്ചിട്ടില്ല. 31.3.20 നള്ളിൽ താഴെ പറയും പ്രകാരം തുക ചെലവായിട്ടുണ്ട്.<br>1st 8 Part Rs. 619158 ( 2018-19ൽ)<br>ട്രഷറി ബിൽ നം. 5/25.6.19 99737<br>ട്രഷറി ബിൽ നം. 22/26.2.20 26754<br>നിർമ്മാണം തുടരുന്നുണ്ടെങ്കിലും<br>മത്സ്യ മാംസവിൽപനകേന്ദ്രം<br>പ്രവർത്തനമാരംഭിച്ചതായി അസി.എഞ്ചിനീയർ അറിയിച്ചു. |
| 2. | 37(New)<br>എസ്.എൻ പുരം മാർക്കറ്റിൽ കെട്ടിടനിർമ്മാണം.<br>1500000 | 0 | തനതുഫണ്ട് |
| 3. | 110((New)<br>എസ്.എൻ പുരം മാർക്കറ്റിലെ കെട്ടിടനിർമ്മാണം<br>പൂർത്തീകരിക്കൽ<br>400000 | 0 | തനതുഫണ്ട് |
| 4. | 112(New)<br>എസ്.എൻ പുരം മാർക്കറ്റിൽ<br>ആധുനിക മത്സ്യ മാംസ<br>വിൽപനകേന്ദ്രം<br>കെട്ടിടനിർമ്മാണം<br>പൂർത്തീകരണവും<br>സെപ്റ്റിക് ടാങ്ക്<br>സ്ഥാപിക്കലും<br>1300000 | 0 | ധനകാര്യ<br>കമ്മീഷൻ<br>ഗ്രാന്റ് |
| 5. | 148(New)<br>എസ്.എൻ പുരം മാർക്കറ്റിൽ കവാടം സ്ഥാപിക്കൽ<br>300000 | 0 | തനതുഫണ്ട് |

2018-19 മുതലുള്ള വർഷങ്ങളിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ സ.ഉ(കൈ)11/2018/ത.സ്വ.ഭ.വ, 29.1.2018 ഉത്തരവിൽ കെട്ടിടനിർമ്മാണ പ്രോജക്ടുകൾ എപ്രകാരമായിരിക്കണം നടത്തേണ്ടതെന്ന് പ്രതിപാദിക്കുന്നു. കെട്ടിടനിർമ്മാണ പ്രോജക്ടുകളുടെ കാര്യത്തിൽ കെട്ടിടത്തിന്റെ നിർമ്മാണം, അനുബന്ധ സൗകര്യങ്ങളായ ഇലക്ട്രിഫിക്കേഷൻ, പ്ളംബിംഗ് എന്നീ ഘടകങ്ങൾ എല്ലാം ഉൾപ്പെടുത്തി ഒറ്റ പ്രോജക്ട് ആയി വേണം തയ്യാറാക്കേണ്ടത് എന്നു വ്യക്തമാക്കിയിട്ടുണ്ട്. ഭൗതികവും സാമ്പത്തികവുമായ പൂർത്തീകരണം ഒരു സാമ്പത്തിക വർഷത്തിനുള്ളിൽ തീർക്കാൻ കഴിയാത്ത, നിർവഹണത്തിന് ഒരു വർഷത്തിലധികം സമയം ആവശ്യമായി വരുന്ന പ്രോജക്ടുകൾ ബഹുവർഷ പ്രോജക്ടായി വേണം കണക്കാക്കേണ്ടത്. ഇത്തരം പ്രോജക്ടിൽ എല്ലാ ഘടകങ്ങളും ഒരുമിച്ച് തയ്യാറാക്കി പരിശോധന നടത്തി സാങ്കേതികാനുമതി വാങ്ങുന്ന സമീപനമാണ് സ്വീകരിക്കേണ്ടത്. അതായത് ഒരു ബഹുവർഷ നിർമ്മാണ പ്രോജക്ടിനോടൊപ്പം വിവിധ വർഷങ്ങളിലായി ചെയ്യാനുദ്ദേശിക്കുന്ന

മൊത്തം പ്രവൃത്തിയുടെ വിശദമായ എസ്റ്റിമേറ്റ് ഉണ്ടാകണം. ആയതിന്റെ സാങ്കേതികാനുമതി ആദ്യവർഷം തന്നെ വാങ്ങേണ്ടതാണ്. മാർക്കറ്റ് വികസനകാര്യത്തിൽ സമഗ്രസമീപനം സ്വീകരിച്ചിട്ടില്ല. മേൽ മാർഗ്ഗരേഖാനിർദ്ദേശങ്ങൾ പാലിക്കാൻ ഫണ്ടിന്റെ അപര്യാപ്തത മൂലം സാധിച്ചില്ല എന്ന് അസി.എഞ്ചിനീയർ അറിയിച്ചു.(ഓഡിറ്റ് അന്വേഷണം നം.17/4.3.2021)സമയബന്ധിതമായി പ്രവൃത്തികൾ പൂർത്തികരിച്ച് കെട്ടിടങ്ങൾ ഉപയോഗക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-33 കടിലിങ്ങൽ ബസാർ താന്ന്യം ബസാർ റോഡ് റീടാറിംഗ് 06/12/2018 ൽ എഗ്രിമെന്റ് വെച്ച പ്രവൃത്തി നാളിതുവരെ ആരംഭിച്ചിട്ടില്ല.

Project No.153/19 – കടിലിങ്ങൽ ബസാർ താന്ന്യം ബസാർ റോഡ് റീടാറിംഗ് (W18)

മെയിന്റനൻസ് ഫണ്ട് റോഡ്

അടങ്കൽ തുക – 1,90,000

ചെലവ് ഇല്ല

AS No.1/1 23.3.2018 3,00,000

T.S No.5301/2018-19

ടെണ്ടറും റീ - ടെണ്ടറും നടത്തിയിട്ടും ആരും ഏറ്റെടുക്കാത്തതിനാൽ മേൽപറഞ്ഞ പ്രവൃത്തി ക്വട്ടേഷൻ നടത്തി. ക്വട്ടേഷൻ നോട്ടീസ് പ്രകാരം 6 മാസമായിരുന്നു കാലവധി. എസ്റ്റിമേറ്റ് നിരക്ക് ക്വാട്ട് ചെയ്ത കോൺട്രാക്ടർ കെ.കെ സജീവന് പ്രവൃത്തി ഏൽപ്പിച്ചുകൊണ്ട് 24.11.2018 ൽ 1(ന) നമ്പരായി ഭരണസമിതി തീരുമാനം എടുത്തു. 27.11.18 ൽ 7/2018 നമ്പരിൽ സെലക്ഷൻ നോട്ടീസ് തയ്യാറാക്കിയ രേഖ ഫയലിലുണ്ടെങ്കിലും ആയത് സാക്ഷ്യപ്പെടുത്തിയിട്ടില്ല. കരാറുകാരന് കൈമാറിയതായി ബോധ്യപ്പെടുന്നില്ല .എന്നിരുന്നാലും 6.12.18 ൽ എഗ്രിമെൻറ് വെച്ചിട്ടുണ്ട്.

Agreement No.63/AE/LSGD/SNP/18-19 Dated 6.12.18

ആറുമാസ കാലാവധിക്കുശേഷം 7/19ലെങ്കിലും പ്രവൃത്തി പൂർത്തിയാവേണ്ടതായിരുന്നു. നാളിതുവരെ (5.3.2021) പ്രവൃത്തി ആരംഭിക്കുകപോലും ചെയ്തിട്ടില്ലെന്ന് ഫയൽ പരിശോധനയിൽ വ്യക്തമായി. തിയ്യതി രേഖപ്പെടുത്താത്ത സപ്ലിമെന്ററി കരാറും, പ്രവൃത്തി പൂർത്തികരിച്ചില്ലെങ്കിൽ സെക്യൂരിറ്റി തുക പഞ്ചായത്ത് ഫണ്ടിലേക്ക് കണ്ടുകെട്ടാനുള്ള നടപടി സ്വീകരിക്കുമെന്ന് കരാറുകാരനെ അറിയിക്കുന്ന അസി.എഞ്ചിനീയറുടെ കത്തിന്റെ പകർപ്പും (സെക്രട്ടറിയെ സ്വീകർത്താവായി വെച്ചത്) ഫയലിൽ കാണുന്നു. കോൺട്രാക്ടർക്ക് നൽകിയതായി രേഖപ്പെടുത്തിയ കത്തിൽ എവിടെയും തീയതി ഇല്ല. 20.2.2020 ൽ നൽകിയതായി പറയുന്ന മറ്റൊരു കത്തിലും കോൺട്രാക്ടർ റിസീവ്ഡ് എഴുതിയിട്ടുണ്ടെങ്കിലും തിയതി ഇല്ല. ഫയൽ രേഖകൾ ഇതോടെ അവസാനിക്കുന്നതായി കാണുന്നു. മരാമത്ത് ഫയലുകൾ പി.ഡബ്ല്യു.ഡി മാനുവൽ ചട്ടങ്ങൾക്ക് അനുസൃതമായി കൃത്യമായ കാലഗണന പാലിച്ചുകൊണ്ട് ,തീയതികൾ വ്യക്തമായി രേഖപ്പെടുത്തി,അസി.എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയ രേഖകൾ സഹിതം സൂക്ഷിക്കേണ്ടതാണ്. എഗ്രിമെൻറ് വെച്ച് 2 വർഷത്തിൽപരമായിട്ടും പ്രവൃത്തി ആരംഭിക്കാതിരിക്കുന്ന അവസ്ഥയ്ക്ക് കാരണം കണ്ടെത്തി മേൽനടപടികൾ സ്വീകരിക്കേണ്ടതും ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.(ഓഡിറ്റ് അന്വേഷണം നം.22/5.3.2021)

## 1-34 ലൈഫ് മിഷൻ പദ്ധതികൾ - മാതൃകാപരമായ നിർവ്വഹണം.

പഞ്ചായത്തിൽ ലൈഫ് മിഷൻ ഭവന പദ്ധതി ഒന്നാം ഘട്ടവും രണ്ടാം ഘട്ടവും മാതൃകാപരമായ നിർവ്വഹണം നടത്തിയിട്ടുണ്ട്. ജില്ലാതലത്തിൽ ഏറ്റവും കൂടുതൽ ഭവനങ്ങൾ പൂർത്തികരിച്ചതിനുള്ള സംസ്ഥാനപുരസ്കാരം നേടിയത് നേട്ടത്തിന് തിളക്കമേറ്റുന്നു. 2018-19 വർഷത്തിൽ എഗ്രിമെന്റ് വെച്ച ജനറൽ വിഭാഗത്തിലെ 140 ഗുണഭോക്താക്കളും എസ്.സി വിഭാഗത്തിലെ 25 ഗുണഭോക്താക്കളും ഓഡിറ്റ് തിയ്യതിയിൽ ഭവന നിർമ്മാണം പൂർത്തികരിച്ചിട്ടുണ്ട്. 2019-20 ൽ ജനറൽ വിഭാഗത്തിൽ എഗ്രിമെന്റ് വെച്ച 11 പേരും 1/2021 ൽ നിർമ്മാണം പൂർത്തിയാക്കി. എസ്.സി.വിഭാഗത്തിലെ 9 ൽ 8 പേരും പൂർത്തിയാക്കി. ലൈഫ് മൂന്നാം ഘട്ട പദ്ധതിയായി സ്ഥലം വാങ്ങൽ പ്രൊജക്ട് എസ്.എസി വിഭാഗക്കാർക്ക് നടപ്പാക്കിയിട്ടുണ്ട്. 4 പേർ പദ്ധതിപ്രകാരം സ്ഥലം വാങ്ങി. മൂന്നാം ഘട്ട പദ്ധതി നിർവ്വഹണം ത്വരിതഗതിയിൽ നടന്നുകൊണ്ടിരിക്കുന്നു.

## 1-35 ഹരിതകർമ്മസേന-പ്ലാസ്റ്റിക് മാലിന്യസംഭരണം

ഹരിത കേരളമിഷന്റെ ഉപദൗത്യമായ മാലിന്യസംസ്കരണ ശുചിത്വമിഷന്റെ ഭാഗമായി, 2019 ഫെബ്രുവരി മുതൽ ഗ്രാമപഞ്ചായത്തിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ നിർമാർജ്ജനം ചെയ്യുന്നതിന് വേണ്ടി ഹരിതകർമ്മസേന രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. നിലവിൽ 13 ഹരിതകർമ്മസേനാംഗങ്ങൾ രണ്ടുഗ്രൂപ്പുകളായി പ്ലാസ്റ്റിക് സംഭരിക്കുന്നു. ഓരോ വീടുകളിൽ/കടകളിൽ നിന്നും പ്ലാസ്റ്റിക് സംഭരിക്കുന്നതിന് യൂസർഫീ ഈടാക്കുന്നുണ്ട്. എല്ലാ വീടുകളിലും, കടകളിലും ഗ്രീൻകാർഡ് നല്കിയിട്ടുണ്ട്. പിരിച്ചെടുക്കുന്ന യൂസർഫീ ഹരിതകർമ്മസേനാംഗങ്ങളുടെ A/Cൽ ആണ് നിലവിൽ അടവാക്കുന്നത്. ഹരിതകർമ്മസേനാംഗങ്ങൾക്ക് യൂണിഫോം, മാസ്ക്,തൊപ്പി, സാനിറ്റൈസർ, ഗ്ലോവ്സ്, സാനിറ്റൈസർ ഉടങ്ങിയവ നൽകിയിട്ടുണ്ട്. സംഭരിക്കുന്ന പ്ലാസ്റ്റിക് വണ്ടിയിൽ മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (M.C.F) സെന്ററിൽ എത്തിക്കുന്നു. അവിടെ നിന്നും പ്രൈവറ്റ് ഏജൻസി, ക്ലീൻകേരള ഉടങ്ങിയ കമ്പനികൾക്ക് നൽകുന്നു. ഏകദേശം 25 ടൺ പ്ലാസ്റ്റിക് പഞ്ചായത്തിൽ നിന്നും കയറ്റി അയച്ചതായി വി.ഇ.ഒ (പനങ്ങാട്) അറിയിച്ചു. ഹരിതകർമ്മസേനയ്ക്ക് ശമ്പളം കൊടുക്കുവാൻ യൂസർഫീ തികയാതെ വരുമ്പോൾ പ്ലാൻ ഫണ്ടിൽ നിന്നും വയബിലിറ്റി ഗ്യാപ് ഫണ്ട് പ്രോജക്ട് മുഖേന നൽകുന്നു.നിലവിൽ ഹരിതകർമ്മസേനാംഗങ്ങൾ വാർഡുകളിലെ വീടുകളിൽ നിന്നും പ്ലാസ്റ്റിക് സംഭരിക്കുന്നു. സംഭരിക്കുന്ന പ്ലാസ്റ്റിക് മാലിന്യം എം.സി.എഫ് സെന്ററിൽ കുന്നുകൂടാൻ അനുവദിക്കാതെ കയറ്റി അയയ്ക്കാനും , മുഴുവൻ വാർഡുകളിൽ നിന്നും സംഭരണം

നടത്താനും നടപടികൾ സ്വീകരിക്കേണ്ടതാണ്.ഹരിതകർമ്മസേനയെ പൂർണ്ണമായും സ്വയംപര്യാപ്ത സംഘമായി മാറ്റി സമ്പൂർണ്ണ പ്ലാസ്റ്റിക് മാലിന്യരഹിതപഞ്ചായത്ത് എന്ന ലക്ഷ്യം കൈവരിക്കേണ്ടതാണ്.വിഷയത്തിൽ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

### 1-36 ദുരന്ത നിവാരണ പദ്ധതി

ത.സ്വ.ഭ വകുപ്പിന്റെ 04.12.2019 ലെ ഉത്തരവ് നമ്പർ (കൈ) 156/2019, 14.01.2020 തിയതിയിലെ 14/2020 ഉത്തരവ് എന്നിവ പ്രകാരം പഞ്ചായത്ത് ഭരണസമിതി എല്ലാ വാർഡുകളിലും LRGകളും പഞ്ചായത്ത് തലത്തിൽ ഇ.ആർയടിയും രൂപികരിക്കുകയും, ദുരന്ത നിവാരണ പദ്ധതി തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2020-21 വർഷത്തെ വാർഷിക പദ്ധതിയിൽ ദുരന്ത നിവാരണ പ്രത്യേക വികസന സെമിനാർ കൂടുകയും, ദുരന്ത നിവാരണ പദ്ധതി രേഖ തയ്യാറാക്കി പദ്ധതികൾ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ ഉത്തരവ് പ്രകാരം പഞ്ചായത്തിന് സംഭാവനകൾ ഒന്നും ലഭിച്ചിട്ടില്ല

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 സംയുക്തപ്രോജക്റ്റുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 287500 | പ്രൊ.നം.26/20 പാലിയേറ്റീവ് കെയർ | 28750 | 0 |
| | | 655940 | പ്രൊ.നം.104/20 ലൈഫ് ഭവനനിർമ്മാണം(ജനറൽ) | 655940 | 0 |
| | | 700000 | പ്രൊ.നം.9/20 പോഷകാഹാരവിതരണം | 700000 | 0 |
| | | 680000 | പ്രൊ.നം.10/20 ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ്. | 680000 | 0 |
| | | 200000 | പ്രൊ.നം.17/20 ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ | 200000 | 0 |
| | | 300000 | പ്രൊ.നം.197/20 ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ | 242590 | 57410 |
| | | 1472482 | പ്രൊ.നം.100/20 ലൈഫ് ഭവനനിർമ്മാണം(എസ്.സി) | 472715 | 999767 |
| | | 1142242 | പ്രൊ.നം.209/20 | 1142242 | 0 |

| | | | | | |
|---|---|---|---|---|---|
| | | | ലൈഫ് ഭവനനിർമ്മാണം(എസ്.സി) | | |
| | | 675000 | പ്രൊ.നം.287/20 ലൈഫ് ഭവനപദ്ധതി സ്ഥലം വാങ്ങൽ(എസ്.സി) | 6,75,000 | 0 |
| | | 500000 | പ്രൊ.നം.86/20 ജനതാറോഡ് ടൈൽ വിരിക്കൽ | 464147 | 35853 |
| | | 500000 | പ്രൊ.നം.221/20 കഴുവിലങ്ങ് ലിങ്ക് റോഡ് | 500000 | 0 |
| | | 100000 | പ്രൊ.നം.48/20 ആശ്രയ പദ്ധതി | 50000 | 50000 |
| ജില്ലാ പഞ്ചായത്ത് | | 100000 | പ്രൊ.നം.26/20 പാലിയേറ്റീവ് കെയർ | 100000 | 0 |
| | | 2644060 | പ്രൊ.നം.104/20 ലൈഫ് ഭവനനിർമ്മാണം(ജനറൽ) | 2644060 | 0 |
| | | 600000 | പ്രൊ.നം.9/20 പോഷകാഹാര വിതരണം | 600000 | 0 |
| | | 526700 | പ്രൊ.നം.10/20 ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ്. | 526700 | 0 |
| | | 300000 | പ്രൊ.നം.18/20 വൃദ്ധർക്ക് കട്ടിൽ (ജനറൽ) | 0 | 300000 |
| | | 715 | പ്രൊ.നം.197/20 ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ | 0 | 715 |
| | | 82526 | പ്രൊ.നം.195/20 വൃദ്ധർക്ക് കട്ടിൽ (ജനറൽ) | 79764 | 2762 |
| | | 100000 | പ്രൊ.നം.66/20 | 100000 | 0 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| ക്രമ നമ്പർ | നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | ഡെപ്പോസിറ്റ് നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| 1 | KWA | 114നമ്പർ അംഗൻവാടി കുടിവെള്ളം | 280723 | 100000 | 0 | 100000 |
| 2 | PWD | നെറ്റ് വർക്ക് എക്സ് റ്റെൻഷൻ | 2808729 | 85000 | 0 | 85000 |
| *3 | KSEB | 18ാം വാർഡിൽ അംഗൻവാടി ഇലക്ട്രിഫിക്കേഷൻ | 21900533 | 39290 | 39290 | 0 |
| *4 | KSEB | 20-ാം വാർഡിൽ അംഗൻവാടി ഇലക്ട്രിഫിക്കേഷൻ | 21900534 | 4114 | 4114 | 0 |
| * 5 | KSEB | 126-ാം വാർഡിൽ അംഗൻവാടി ഇലക്ട്രിഫിക്കേഷൻ | 21900763 | 12743 | 12743 | 0 |

| | | | | | | |
|---|---|---|---|---|---|---|
| 6 | KSEB | സ്ട്രീറ്റ്മെയിൻ ലൈൻ എക്സ്റ്റൻഷൻ | 21901300 | 326024 | 326024 (28.9.20) | 0 |
| 7 | KSEB | സ്ട്രീറ്റ്മെയിൻ ലൈൻ എക്സ്റ്റൻഷൻ | 21901301 | 367746 | 367746 (16.12.20) | 0 |
| 8 | KSEB | സ്ട്രീറ്റ്മെയിൻ ലൈൻ എക്സ്റ്റൻഷൻ | 21901204 | 100000 | 0 | 100000 |
| 9 | KSEB | പോസ്റ്റ് ഷിഫ്റ്റിംഗ് | 21901522 | 30894 | 30894 (4.9.20) | 0 |

** ക്രമനം. 3,4,5 ഇനങ്ങളിലെ ഡെപ്പോസിറ്റുകൾ ഡെപ്പോസിറ്റ് രജിസ്റ്ററിൽ ചേർത്തിട്ടില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-4 വായ്പ / വായ്പാതിരിച്ചടവ്

| വായ്പയുടെ പേര് / ഉദ്ദേശ്യം | ഉത്തരവ് നം / തിയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഭവന വായ്പ | സ.ഉ(MS)83/13/ തസ്വഭവ/ തിയ്യതി 11/03/2013 | 1,26,00,000 | 7249406 +20000(തൻവർഷം എടുത്ത തുക) | 1260000 | 65963 | 6009406 |
| LIFE - Loan From HUDCO | GO(MS) No 68/2018/LSGD Dt 18.05.2018 | 3,38,35,507 | 0 | 0 | 0 | 33835507 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 23331987 |
| തൻവർഷം നിക്ഷേപിച്ച തുക | 1532783 |
| ആകെ | 24864770 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 1500000 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 23364770+ 1912767 (പലിശ) |

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2017-2018 | 3(8) | 854 | രാജീവ് പി.എൻ, വി.ഇ.ഒ | 119130-101924/11.7.19 |
| 2017-18 | 3(9) | 5000 | രാജീവ് പി.എൻ, വി.ഇ.ഒ | 119130-101925/11.7.19 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ശ്രീനാരായണപുരം ഗ്രാമപഞ്ചായത്തിലെ 2016-17 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിന്മേലുള്ള നടപടി പരിഹാര പത്രിക | | | | |
|---|---|---|---|---|
| ക്രമ നം. | ഖണ്ഡിക നം., വർഷം | പരാമർശ വിഷയം | സ്വീകരിച്ച നടപടി | റിമാർക്സ് |
| 1 | 2014-15 ലെ 2-8 പരാമര്ശം | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>1)പഞ്ചായത്തിലെ ആമണ്ടൂർ എന്ന സ്ഥലത്ത് പ്രവർത്തിക്കുന്ന സ്മാർട്ട് കിഡ്സ് എന്ന വിദ്യാഭ്യാസ സ്ഥാപനം 2013-14, 2014-15 വർഷങ്ങളിൽ തൊഴിൽ നികുതി അടവാക്കിയിട്ടില്ല.<br>2.സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നില്ല<br>പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെപറയുന്ന ആഡിറ്റോറിയം ഹാൾ പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിന്റെ കടമുറികൾ എന്നിവയിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>ക്രമനമ്പർ<br>1സ്ഥാപനംകെട്ടിടനമ്പർ പതിയാശ്ശേരി മഹല്ല് കമ്മിറ്റി 17/466<br>വാടകക്കാരന്റെ പേര് മുറി നമ്പർ<br>സരള തിലകൻ 4/201എ<br>ഗോപാലൻ 4/201ബി<br>ധർമ്മപാലൻ 4/201എച്ച്&ഐ<br>രാമൻ 4/201ജെ<br>സച്ചിദാനന്ദൻ 4/201കെ<br>ഹംസ 4/201എൽ<br>രനിത്ത് അറക്കൽ 7/449എ<br>കുഞ്ഞൻ അയിനിക്കൽ 7/449സി<br>ബാബു പട്ടാലി 7/449എഫ്<br>സുബ്രമണ്യൻ 7/449ജി<br>പരമേശ്വരൻ 7/449എച്ച്<br>മുഹമ്മദ്.കെ.എസ് 7/449ഐ<br>രാമനാഥൻ 7/449ജെ<br>സുലോചന 7/449കെ<br>ഷീബ യൂസഫ് 7/449എൽ<br>മോഹനൻ കരിനാട്ട് 7/449എം<br>കുഞ്ഞിറ്റി കൂട്ടാല 7/449 ഒ<br>പികെ വിജയൻ 7/405എ.<br>ദാമോദരൻ കോട്ടുമാടൻ 7/405ഇ<br>കുട്ടപ്പൻ തോപ്പിൽ 7/405ജെ | 1)സ്മാർട്ട് കിഡ്സ് സ്കൂളിൻറെ തൊഴിൽ നികുതി 118130 104814/28.01.2019 രശീതി പ്രകാരം അടച്ചിട്ടുണ്ട്.(നികുതി 11040 രൂപ പലിശ 806 രൂപ) എന്ന വിവരം ബോധിപ്പിക്കുന്നു<br>11620 102032/23.07.2016 രശീതി പ്രകാരം പതിയാശ്ശേരി മഹല്ല് കമ്മിറ്റിയുടെ സ്ഥാപക തൊഴിൽ നികുതി അടവാക്കിയിട്ടുണ്ട് എന്ന വിവരം ബോധിപ്പിക്കുന്നു<br>പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികളുടെ സ്ഥാപന തൊഴിൽ നികുതി അടവാക്കിയ വിവരം ബോധിപ്പിക്കുന്നു. | |

| | | | | | |
|---|---|---|---|---|---|
| | | അനിൽകുമാർ കുടത്തിങ്കൽ 7/405എൽ<br>ഫാത്തിമ ചങ്ങലെഴുത്ത് 7/405എം<br>ജയരാജൻ ആനാമ്പലത്ത് 7/416<br>ജീവൻലാൽ വാഴൂർ 7/417&423<br>പി.കെ.ഷൈലജൻ 7/419<br>പ്രഭാകരൻ.കെ.ജി 7/420<br>ഷീല അരയംപറമ്പിൽ 7/421<br>അബ്ദുൾഖാദർ ചളിങ്ങാട് 7/422<br>അജിത്ത്കുമാർ, പനങ്ങാട് 7/425<br>മുഹമ്മദ്ഷെരീഫ് 7/426<br>ശിവദാസ് ഏരാട്ട് 4/219<br>കെ.എസ്.ഷീന 4/237ഡി<br>കെ.എം.രാജാമണി 3/237എഫ് | | | |
| 2 | 2015-16 ലെ 2-1 | തൊഴിൽ നികുതി - നിയമനം അംഗീകരിക്കാത്തതിനാൽ ഈടാക്കിയിട്ടില്ല<br>നിയമനം അംഗീകരിച്ചിട്ടില്ലെന്ന കാരണത്താൽ വി വി യു പി എസ്, കോതപറമ്പ് സ്കൂളിലെ താഴെ പറയുന്ന ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദവിവരം താഴെ കൊടുക്കുന്നു<br>പേര് ഉദ്യോഗപ്പേര് റിമാർക്സ്<br>എം എൻ ഷീന യു പി എസ് എ<br>1,2 അർദ്ധ വർഷം<br>ലിഷ പി എ യു പി എസ് എ<br>1,2 അർദ്ധ വർഷം<br>അനിത പി ബി എൽ പി എസ് എ<br>1,2 അർദ്ധ വർഷം | വിവിയുപി എസ് കോതപറമ്പ് സ്കൂളിലെ ഷീന എം എന് എന്നവരുടെ നിയമനം 19.12.16 ന് അംഗീകരിച്ചിട്ടുണ്ട്. 2017-18 ലെ 117130106867/28.02.2018 രശീതി പ്രകാരം 1250 രൂപ 2016-17 രണ്ടാം അർദ്ധ വർഷത്തിലേതും 1250 രൂപ 2017-18 ഒന്നാം അർദ്ധവർഷത്തിലേതും അടച്ചിട്ടുണ്ട്.<br>ലിഷ പി എ(യുപിഎസ്എ) അനിത പിബി(എൽപിഎസ് എ) എന്നിവരുടെ തൊഴിൽ നികുതി നിയമനം അംഗീകരിച്ച മുറക്ക് അടവാക്കിയിട്ടുണ്ട്. രശിതി നം 11620102627/30.08.16, - 1250 11620106137/21.02.2017 - 1250 | | |
| 3 | 2015-16 ലെ 2-2 | തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്<br>വി ആർ ഫുഡ്സ് പനങ്ങാട് എന്ന സ്ഥാപനത്തിലെ ജീവനക്കാരനായ രവീന്ദ്രൻ 1ാം പാദ വർഷം 45675 രൂപ വരുമാനമുണ്ടെങ്കിലും 450 രൂപ ഈടാക്കേണ്ടതിനു പകരം 300 രൂപ (രശീത് നം 11520101/10.09.15) മാത്രമേ തൊഴിൽ നികുതി ഈടാക്കിയിട്ടുള്ളൂ. കുറവ് ഈടാക്കിയ തുക അടവാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ് | രശീതി നം 117130101594/13.07.2017 പ്രകാരം (150+33)183 രൂപ ഈടാക്കിയിട്ടുണ്ട്. ഓഡിറ്റ് പരാമർശത്തിൽ നിന്ന് ഒഴിവാക്കി നൽകണമെന്ന് അപേക്ഷിക്കുന്നു | | |
| 4 | 2015-16 ലെ 2-3 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന ആഡിറ്റോറിയം പഞ്ചായത്ത് കോംപ്ലക്സിലെ കടമുറികൾ | തേവർ പ്ലാസ ഓഡിറ്റോറിയം രശീതി നം 11620108861/31.03.2017 പ്രകാരം (2500+300)=2800 രൂപ അടവാക്കിയിട്ടുണ്ട്.<br>രശീതി നം 11620100150 തിയ്യതി 07/04/2016,പ്രകാരം സുലോചന | | |

| | | | | |
|---|---|---|---|---|
| | | എന്നിവയിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>ക്രമനം സ്ഥാപനം വാർഡ്/ കെട്ടിടനം<br>1 തേവർ പ്ലാസ ഓഡിറ്റോറിയം 5/775<br>2 ധർമ്മപാലൻ 4/201 ഒ & ക<br>3 കുഞ്ഞൻ അയിനിക്കൽ 7/449 സി<br>4 സുബ്രഹ്മണ്യൻ 7/449 ജി<br>5 സുലോചന 7/449 കെ<br>6 ഷീബ യൂസഫ് 7/449 ഐ<br>7 കുഞ്ഞിറ്റി കുട്ടാല 7/449 ഒ<br>8 ഫാത്തിമ ചങ്ങലെഴുത്ത് 7/405 എം<br>9 പി കെ ഷൈലജൻ 7/419<br>10 പ്രഭാകരൻ കെ ജി 7/420<br>11 അജിത്ത് കുമാർ, പനങ്ങാട് 7/425 | തോപ്പിൽ 201314 ,201415,201516 വർഷങ്ങളിലെ തൊഴിൽ നികുതി 1080 രൂപ അടവാക്കിയിട്ടുണ്ട്. 1520100093 തിയ്യതി 09.4.2015 പ്രകാരം ഷീബ യൂസഫ് വലിയകത്ത് 360 രൂപ തൊഴിൽ നികുതി അടവാക്കിയിട്ടുണ്ട്. പ്രഭാകരൻ കാട്ടുപറമ്പിൽ രശീതി നം 11406108058 തിയ്യതി 27.02.2015 പ്രകാരം 360 രൂപ 201516 ൽ അടച്ചിട്ടുണ്ട്.<br>മറ്റ് കടമുറികളുടെ വാടക 06.08.2019 ല് അടവാക്കിയിട്ടുണ്ട്. ഓഡിറ്റ് പരാമർശത്തിൽ നിന്ന് ഒഴിവാക്കി നൽകണമെന്ന് അപേക്ഷിക്കുന്നു | |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ലഭ്യമല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 10,01,95,450 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 9,73,75,918 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 21,24,178 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| | | | |
| | | | |
| ആകെ | | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-24 | 18,30,000 | ഡോ.സുശീൽകുമാർ, വെറ്ററിനറി സർജൻ |
| 1-25 | 2,50,000 | |
| 1-26 | 44,178 | |
| ആകെ | 21,24,178 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.സുശീൽകുമാർ,<br>വെറ്ററിനറി സർജൻ | സീനിയർ വെറ്ററിനറി സർജൻ,<br>വെറ്ററിനറി പോളി ക്ലിനിക്ക്, അന്തിക്കാട് | ശങ്കരംഗത്ത് ഹൗസ്,<br>പട്ടിക്കാട്<br>ഫോൺ- 9495075875 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈവകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1978-79 | എൽഎഫ് ടി (എസ്2)-1366/12/20.10.11/01.02.12 | |
| 1979-80 | | |
| 1980-81 | | |
| 1981-82 | | |
| 1982-83 | | |
| 1983-84 | | |
| 1985-86 | | |
| 1988-89 | | |
| 1989-90 | | |
| 1990-91 | | |
| 1991-92 | | |
| 1992-93 | | |
| 1995-96&1996-97 | എൽഎഫ് ടി-11-372/98/7.12.98 | |
| 1997-98 | എൽഎഫ് ടി19-1587/99/9.6.2000/5.9.2000 | |
| 1998-99 | എൽഎഫ് ടി -12-502/94/16.04.04 | |
| 99-00&01-02(പ്ളാൻ) | എൽഎഫ് ടി -12-1105/03/3.10.03 | |
| 99-00 | എൽഎഫ് ടി -12-2060/04/5.4.05 | |
| 00-01 | എൽഎഫ് ടി -12-226/08/20.7.09 | |
| 01-02 | എൽഎഫ് ടി 12-227/08/20.07.09 | |
| 02-03 | എൽഎഫ് ടി 12-228/08/20.07.09 | |
| 03-04 | എൽഎഫ് ടി 12-229/08/20.07.09 | |
| 04-05 | എൽഎഫ് ടി 12-61/05/21.12.09 | |
| 05-06 | എൽഎഫ് ടി 12-580/10/27.1.2011 | |
| 06-07 | എൽഎഫ് ടി 12-581/10/27.01.11/7.6.2011 | |
| 07-08മുതൽ2010-11വരെ | എൽഎഫ് ടി (പി3) 1633/12/15.12.12/13.3.13 | |
| 2011-12 | എൽഎഫ് ടി (പി3) 1938/13/6.2.14/8.4.14 | |
| 12-13 | എൽഎഫ് ടി (പി3) 1034/2014/10.10.14/5.1.15 | |
| 13-14,14-15 | കെ.എസ്.എ.ടി.എസ്.ആർ. (പി3)367/16 /23.03.16 | |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ. (പി3)-107/2017/28.01.2017 | |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ. | |

| | | |
|---|---|---|
| | (പി3)1648/17/28.11.2017/29.12.2017 | |
| 2017-18 | കെ.എസ്.എ.ടി.എസ്.ആർ. (പി3)630/19 /4.5.19 | |
| 2018-19 | കെ.എസ്.എ.-ടി.എസ്.ആർ. (പി.3)1781/2019/13.05.20 | |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ ശ്രീനാരായണപുരം ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ ശ്രീനാരായണപുരം ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്